# ജാഗ്രത

## കുട്ടിക്കൊപ്പം...വിദ്യാലയത്തിനൊപ്പം

എസ്. എസ്. എൽ. സി.വിദ്യാർത്ഥികൾക്കുള്ള
പ്രത്യേക പരിശീലന പരിപാടി
(മലയാളം)

ജില്ലാവിദ്യാഭ്യാസ പരിശീലന കേന്ദ്രം (ഡയറ്റ്)
കോട്ടയം

# മാർഗദർശികൾ

- ശ്രീമതി. വി. ആർ. ഷൈല
  വിദ്യാഭ്യാസ ഉപഡയറക്ടർ
  കോട്ടയം ജില്ല
- ശ്രീ. ഇമ്മാനുവൽ. ടി. ആന്റണി
  പ്രിൻസിപ്പൽ ഇൻ ചാർജ്
  ഡയറ്റ് കോട്ടയം
- ശ്രീ. ഭാസ്കരൻ.വി. വി
  ഡി.ഇ.ഒ. പാല
- ശ്രീമതി. ബിന്ദു. കെ
  ഡി.ഇ.ഒ. കോട്ടയം
- ശ്രീമതി. വിജയകുമാരി. കെ
  ഡി.ഇ.ഒ. കടുത്തുരുത്തി
- ശ്രീമതി. ശശികല. പി. ടി
  ഡി.ഇ.ഒ. കാഞ്ഞിരപ്പിള്ളി

# ഡയറ്റ് കോട്ടയം

## ജാഗ്രത -കുട്ടിക്കൊപ്പം.....വിദ്യാലയത്തിനൊപ്പം

### ആമുഖം

എസ്.എസ്.എൽ.സി മലയാളം പരീക്ഷകൾക്കായി എസ്.സി.ഇ. ആർ.ടി നിർദ്ദേശിച്ച പ്രധാന മേഖലകളെ അടിസ്ഥാനമാക്കി കോട്ടയം ജില്ലയിലെ മലയാളം റിസോഴ്സ് അധ്യാപകർ ഡയറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ പ്രവർത്തനങ്ങളാണ് ഇവിടെ അവതരിപ്പിക്കുന്നത്.

പ്രധാന മേഖലകളിലെ പാഠങ്ങളെ **അവസ്ഥാ വിശകലനം, വിശകലന ചോദ്യങ്ങൾ, പ്രക്രിയാ ബന്ധിതപ്രവർത്തനങ്ങൾ** എന്നിങ്ങനെ മൂന്നായി വിഭജിച്ചിരിക്കുന്നു. ഓരോ പാഠത്തിന്റെയും ആശയങ്ങൾ കുട്ടി എത്രത്തോളം ഗ്രഹിച്ചു എന്ന് പരിശോധിക്കുകയാണ് അവസ്ഥാ വിശകലനത്തിലൂടെ. പാഠ പുസ്തകത്തിലെ ആശയത്തോടു നേരിട്ടു ബന്ധപ്പെടുന്ന ലഘുവായ ചോദ്യങ്ങളാണ് അതിനായി നൽകിയിരിക്കുന്നത്.

വിശകലന ചോദ്യങ്ങളിൽ 1,2,4,6 മാർക്കിന്റെ ചോദ്യങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഓരോന്നിനും ഉത്തരസൂചകങ്ങൾ നൽകിയിട്ടുണ്ട്. പാഠഭാഗം കൂടുതൽ ആഴത്തിൽ മനസ്സിലാക്കുന്നതിന് എല്ലാ വിഭാഗം കുട്ടികൾക്കും ഉപകരിക്കുന്ന വിധത്തിലാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

വർക്ക് ഷീറ്റുകൾ നൽകിയിരിക്കുന്നതിലൂടെ കുട്ടികൾക്ക് സ്വയം വിലയിരുത്തലും സാധ്യമാകും.

# ശില്പശാലയിൽ പങ്കെടുത്തവർ

1. ഡോ. യു.ഷംല
   എ.ജെ.ജോൺ മെമ്മോറിയൽ
   ഗവ.ജി.എച്ച്.എസ്.എസ്. തലയോലപ്പറമ്പ്

2. ഡോ. കെ. ആർ ബിന്ദുജി
   ഗവ.വി.എച്ച്.എസ്.എസ്. വയല

3. ശ്രീ. പ്രകാശ്. ജെ. തോമസ്
   ഹോളി ഫാമിലി എച്ച്.എസ്. പാറമ്പുഴ

4. ശ്രീമതി. സെലിമോൾ ഫ്രാൻസിസ്
   ജി.വി.എച്ച്.എസ് ഫോർ ഗേൾസ്. പെരുവ

5. ശ്രീ. ജോബെറ്റ് തോമസ്
   സെന്റ്. മൈക്കിൾസ് .എച്ച്.എസ്.എസ്. പ്രവിത്താനം

6. ശ്രീ. ബെന്നിച്ചൻ പി. ഐ
   സെന്റ് ജോൺ, എൻ.എച്ച്.എസ്.എസ്. കൊഴുവനാൽ

7. ശ്രീ. അജയൻ പി എസ്
   എസ്.എം.വി.എച്ച്.എസ്.എസ് ,പൂഞ്ഞാർ

8. ശ്രീമതി. ജാസ്മിൻ മാത്യു
   സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്, അതിരമ്പുഴ

9. ശ്രീമതി. ശ്രീല രവീന്ദ്രൻ
   ഗവ.മോഡൽ എച്ച്.എസ് എസ് , കോട്ടയം

10. ശ്രീ. ദിലീപ് കുമാർ കെ ആർ
    ഗവ.എച്ച്.എസ്.എസ് ,പനമറ്റം

11. ശ്രീ. റോയ് ജോസഫ്
    സെന്റ് ആൻറണീസ് എച്ച് .എസ്.എസ് , മുത്തോലി

12. ശ്രീമതി. ആശാ ദേവ്
    ഗവ.വൊക്കേഷണൽ എച്ച്.എസ്.എസ്, കടുത്തുരുത്തി

13. ശ്രീമതി. സിനി .ആർ. ചന്ദ്രൻ
    കെ.എം.എച്ച്.എസ്, മേവെള്ളൂർ

14.ശ്രീമതി. എൽസി കുര്യൻ
എം ഡി സെമിനാരി എച്ച്.എസ്.എസ് ,കോട്ടയം

15. ശ്രീമതി. ബിനി അഗസ്റ്റിൻ
സെന്റ് ജോസഫ് എച്ച്.എസ്, കുടക്കച്ചിറ

16. ശ്രീമതി. ഷീബ മേരി ചെറിയാൻ
ബി.ഐ.ജി.എച്ച്.എസ്, പള്ളം

17. ശ്രീമതി. ശ്രീലേഖ പി കെ
ജി.എച്ച്.എസ്.എസ്, താഴത്തു വടകര

18. ശ്രീ. സോമരാജ് പി. എസ്
പരിപ്പ് ഹൈസ്കൂൾ, കോട്ടയം

19. ശ്രീ. ജോസ് ജോസഫ്
ജെ.ജെ.എം.എം.എച്ച്.എസ്.എസ്, ഏന്തയാർ

## ഏകോപനം

ശ്രീമതി. റെജിൻ ജോർജ്

ലക്ചറർ, ഡയറ്റ്, കോട്ടയം.

## എസ്.സി.ഇ.ആർ.ടി നിർദ്ദേശിച്ച പ്രധാന മേഖലകൾ

# കേരളപാഠാവലി

| ക്രമ നമ്പർ | യൂണിറ്റ് | പാഠങ്ങൾ | ഫസ്റ്റ് ബെൽ എപ്പിസോഡ് നമ്പർ |
|---|---|---|---|
| 1. | കാലാതീതം കാവ്യവിസ്മയം | 1.ലക്ഷ്മണസാന്ത്വനം | 1,2,3,4, |
| | | 2.ഋതുയോഗം | 5,6,7,8,9,10 |
| | | 3.പാവങ്ങൾ | 11,12,13,14,15 |
| 2 | അനുഭൂതികൾ ആവിഷ്കാരങ്ങൾ | 1.വിശ്വരൂപം | 16,17,18 |
| | | 2.പ്രിയദർശനം | 19,20,21,22 |
| | | 3.കടൽത്തീരത്ത് | 23,24,25,26 |

# അടിസ്ഥാന പാഠാവലി

| ക്രമ നമ്പർ | യൂണിറ്റ് | പാഠങ്ങൾ | ഫസ്റ്റ് ബെൽ എപ്പിസോഡ് നമ്പർ |
|---|---|---|---|
| 1. | ജീവിതം പടർത്തുന്ന വേരുകൾ | പ്രവേശകം | 1 |
| | | 1.പ്ലാവിലക്കഞ്ഞി | 2,3,4,5 |
| | | 2.ഓരോ വിളിയും കാത്ത് | 6,7,8 |
| | | 3.അമ്മത്തൊട്ടിൽ | 9,10,11,12 |
| 2. | നിലാവുപെയ്യുന്ന നാട്ടുവഴികൾ | 1.കൊച്ചുചക്കരച്ചി | 13,14,15 |

# ഉള്ളടക്കം


| ക്രമ നമ്പർ | പാഠങ്ങൾ | പേജ് നമ്പർ |
|---|---|---|
| 1 | ലക്ഷ്മണസാന്ത്വനം | 7 |
| 2 | ഋതുയോഗം | 14 |
| 3 | പാവങ്ങൾ | 23 |
| 4 | വിശ്വരൂപം | 32 |
| 5 | പ്രിയദർശനം | 40 |
| 6 | കടൽത്തീരത്ത് | 47 |
| 7 | പ്ലാവിലക്കഞ്ഞി | 55 |
| 8 | ഓരോ വിളിയും കാത്ത് | 68 |
| 9 | അമ്മത്തൊട്ടിൽ | 78 |
| 10 | കൊച്ചുചക്കരച്ചി | 84 |

# കേരളപാഠാവലി

## കാലാതീതം കാവ്യവിസ്മയം

# ലക്ഷ്മണസാന്ത്വനം



# ലക്ഷ്മണസാന്ത്വനം

## അവസ്ഥാപഠനം

(കുട്ടികളുടെ നിലവിലെ പഠനാവസ്ഥ മനസ്സിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ)

1. മലയാളഭാഷയുടെ പിതാവ് എന്നറിയപ്പെടുന്ന പ്രാചീനകവിത്രയകവി?
   - എഴുത്തച്ഛൻ
2. ശരിയായ പദമേത് ?(സ്വാന്തനം/ സാന്ത്വനം/ സാന്ദ്വനം)
   - സാന്ത്വനം
3. പാഠഭാഗത്ത് ആരാണ് ലക്ഷ്മണനെ ആശ്വസിപ്പിക്കുന്നത് ?
   - ശ്രീരാമൻ
4. ലക്ഷ്മണന്റെ മാതാവാരാണ് ?
   - സുമിത്ര
5. ഭോഗങ്ങൾ ഏതു പോലെ ചഞ്ചലമാണ് ?
   - ക്ഷണപ്രഭ(മിന്നൽ)
6. ചുട്ടുപഴുത്ത ലോഹത്തിൽ വീണ ജലബിന്ദുവിന് തുല്യമായുള്ളത് എന്താണ് ?
   - മർത്ത്യജന്മം
7. പാന്ഥർ എവിടെയാണ് ഒത്തുകൂടുന്നത് ?
   - പെരുവഴിയമ്പലം.
8. കാലം എന്തിനു സമാനമാണ് ?
   - പാമ്പ്

**9.** 'ലക്ഷ്മി' എന്ന പ്രയോഗം കൊണ്ട് കവി അർഥമാക്കുന്നതെന്ത് ?

- സമ്പത്ത്(ഐശ്വര്യം)

**10.** എന്തു നിമിത്തമാണ് ജന്തുക്കൾ അഹംബുദ്ധി കൈക്കൊള്ളുന്നത്?

- ദേഹം(ശരീരം)

**11.** കായം(ശരീരം) എന്തിനാൽ നിർമ്മിതമാണ് ?

- പഞ്ചഭൂതങ്ങൾ

**12.** മോഹമാതാവാകുന്നത് എന്താണ് ?

- അവിദ്യ

**13.** 'വിദ്യ' സംസാരനാശിനിയോ സംസാരകാരിണിയോ ?

- സംസാരനാശിനി

**14.** മോക്ഷാർഥി ഏകാഗ്രമായ മനസ്സോടെ എന്താണു ചെയ്യേണ്ടത് ?

- വിദ്യാഭ്യാസം

**15.** മുക്തിക്കു വിഘ്നം(തടസ്സം) വരുത്താൻ ഏറ്റവും ശക്തിയുള്ള ശത്രു ഏതാണ് ?

- ക്രോധം

# പാഠവിശകലന ചോദ്യങ്ങൾ

**16.** സമാനപദങ്ങൾ ബ്രായ്ക്കറ്റിൽ നിന്നും കണ്ടെത്തി പട്ടികപ്പെടുത്തുക

a. ചക്ഷുഃശ്രവണൻ
b. ദർദുരം
c. കളത്രം
d. വഹ്നി
e. പാന്ഥൻ

(ഭാര്യ, അഗ്നി, വഴിയാത്രക്കാരൻ, പാമ്പ്, തവള)

**17.** ഒറ്റവാക്കെഴുതുക

a. സുമിത്രയുടെ പുത്രൻ- സൗമിത്രി
b. മോക്ഷം തേടുന്നയാൾ- മോക്ഷാർഥി

**18.** ഘടകപദങ്ങൾ കണ്ടെത്തുക

a. പുത്രമിത്രാർഥകളത്രാദിസംഗമം

- പുത്രൻ, മിത്രം, അർഥം, കളത്രം , ആദി, സംഗമം

b. കാമക്രോധലോഭമോഹാദികൾ-

- കാമം, ക്രോധം, ലോഭം, മോഹം, ആദികൾ

**19.** വിഗ്രഹാർത്ഥം കണ്ടെത്തുക

(മാതൃക: തലവേദന- തലയിലെ വേദന
: ഋതുയോഗം- ഋതുക്കളുടെ യോഗം)

a. മാനസതാര്

- മാനസമാകുന്ന താര്

b. സ്വപ്നസമാനം-

- സ്വപ്നത്തിനു സമാനം

## (രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതാം; രണ്ടു സ്കോർ വീതം)

**20.** ശ്രീരാമൻ ലക്ഷ്മണനെ എങ്ങനെയൊക്കെയാണ് സംബോധന ചെയ്യുന്നത്? എന്താവും ശ്രീരാമൻ അവയിലൂടെ അർത്ഥമാക്കുന്നത് ?

- വത്സ- വാത്സല്യം
- സൗമിത്രേ- സുമിത്രയുടെ മകന് അമ്മയേപ്പോലെ ക്ഷമാശീലം ഉണ്ടാവണം
- കുമാര- കൗമാരപ്രായം കടന്നിട്ടില്ല- എടുത്തുചാട്ടം അരുത്

**21.** ലക്ഷ്മണന്റെ എടുത്തുചാട്ടം യുക്തമല്ലെന്നു പറയുന്നതിന് ശ്രീരാമൻ കണ്ടെത്തുന്ന യുക്തിയെന്ത് ?

- ദൃശ്യമായുള്ള രാജ്യം, ദേഹം, വിശ്വം, ധനം, ധാന്യം ആദിയായവ സത്യമല്ല (സത്യമാണോ എന്ന ആശങ്ക)

**22.** ലക്ഷ്മണന്റെ അറിവില്ലായ്മയെന്ന് ശ്രീരാമൻ വിശേഷിപ്പിക്കുന്നതെന്തിനെയാണ് ?

- ദേഹം നിമിത്തമുള്ള മോഹം കൊണ്ട് ലോകം ദഹിപ്പിക്കാമെന്ന ചിന്ത

**(അരപ്പുറത്തിൽ ഉത്തരമെഴുതാം; നാലു സ്കോർ വീതം)**

**23.** മർത്ത്യജന്മം ക്ഷണികമാണെന്നു സമർഥിക്കുന്നതിനായി എന്തെല്ലാം ഉദാഹരണങ്ങളാണ് ശ്രീരാമൻ അവതരിപ്പിക്കുന്നത്- വിശദമാക്കുക

- ക്ഷണപ്രഭ
- ചുട്ടുപഴുത്ത ലോഹത്തിൽ വീണ ജലബിന്ദു
- പാമ്പിന്റെ വായിലകപ്പെട്ട തവള
- സത്രത്തിലൊത്തുകൂടുന്ന വഴിയാത്രക്കാർ
- നദിയിലൂടെ ഒഴുകുന്ന തടിക്കഷണങ്ങൾ

**24.** ദേഹം നിമിത്തം എന്തെല്ലാം അഹംഭാവങ്ങളിലാണ് മനുഷ്യൻ പെട്ടു പോകുന്നത് ? അവ നന്നല്ലെന്ന് ശ്രീരാമൻ പറയുന്നതെങ്ങനെ ?

- ഞാൻ ബ്രാഹ്മണനാണ്,
- ഞാൻ രാജാവാണ്,
- ഞാൻ ആഢ്യനാണ് എന്നൊക്കെയുള്ള ചിന്ത
- ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകാം
- വെന്ത് വെണ്ണീറായി മാറാം
- മണ്ണിനടിയിൽപ്പെട്ട് കൃമികളായി മാറാം

**25.** വിദ്യയും അവിദ്യയും ശ്രീരാമൻ നിർവചിക്കുന്നതെങ്ങനെ ?

- **അവിദ്യ**

  മോഹമാതാവ്
  ഞാൻ ദേഹമാണെന്ന ചിന്ത
  സംസാരകാരിണി

- വിദ്യ

  മോഹനാശിനി
  ഞാൻ ആത്മാവാണെന്ന ചിന്ത
  സംസാരനാശിനി

**26.** ശ്രീരാമന്റെ അഭിപ്രായത്തിൽ ക്രോധത്തിന്റെ ദോഷവശങ്ങളെ ന്തെല്ലാം ?

- മാതാവ്, പിതാവ്, സഹോദരൻ, കൂട്ടുകാർ തുടങ്ങിയവരെ കൊല്ലുന്നു
- മനസ്താപമുണ്ടാകുന്നു
- സംസാരബന്ധനത്തിലൂടെ ധർമ്മത്തെ ക്ഷയിപ്പിക്കുന്നു

**(ഒരു പുറത്തിൽ ഉത്തരമെഴുതാം; ആറു മാർക്ക് വീതം)**

**27.** (വീട്ടിലെ സാമ്പത്തിക പരാധീനതകൊണ്ട്) മൊബൈൽ ഫോൺ വാങ്ങിനൽകാത്ത മാതാപിതാക്കളെ നിശിതമായി കുറ്റപ്പെടുത്തുന്ന സഹപാഠിയെ സമാശ്വസിപ്പിച്ചു കൊണ്ട് എഴുതുന്ന ഒരു കത്ത് തയ്യാറാക്കുക.

- സാമൂഹികാവബോധം
- കുടുംബ പശ്ചാത്തലം തിരിച്ചറിയൽ / ബോധ്യപ്പെടുത്തൽ
- സമാശ്വാസം/പ്രചോദനം
- വൈകാരിക ഭാഷ
- കത്തിന്റെ ഘടന

**28.** മഹാമാരിയുടെ കാലം നമ്മെ ക്ഷമയുടെ പാഠങ്ങളും പഠിപ്പിക്കുന്നു. എഴുത്തച്ഛൻ രാമനിലൂടെ പറയുന്ന ഉപദേശങ്ങളുടെ കാലികപ്രസക്തി വിലയിരുത്തി 'ക്ഷമ സമൂഹത്തിന്റെ കെട്ടുറപ്പിന് ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

- പാഠഭാഗത്തെ പ്രധാനാശയങ്ങൾ
- വർത്തമാനകാല സാമൂഹികാവസ്ഥയെക്കുറിച്ചുള്ള ബോധ്യം
- എടുത്തു ചാട്ടത്തിന്റെ ദോഷങ്ങൾ
- ക്ഷമാശീലത്തിന്റെ കാലികപ്രസക്തി
- ആശയവ്യക്തതയുള്ള ഭാഷാശൈലി
- ഉപന്യാസത്തിന്റെ ഘടന

# പ്രക്രിയാബന്ധിത പ്രവർത്തനങ്ങൾ

**29.** "വഹ്നിസന്തപ്ത........... ഭോഗങ്ങൾ തേടുന്നു"

(ആറു വരികൾ) ഈ കവിതാഭാഗം ശ്രദ്ധയോടെ വായിച്ച്, താഴെ കൊടുത്തിരിക്കുന്ന പദങ്ങൾക്കു സമാനമായി കവിതയിൽ പ്രയോഗിച്ചിരിക്കുന്ന പദങ്ങൾ കണ്ടെത്തി പട്ടിക തയ്യാറാക്കുക

( കഴുത്ത്, ജലം, പാമ്പ്, തുല്യം, ചുട്ടുപഴുത്ത, തവള, അഗ്നി, വിഴുങ്ങപ്പെട്ടത്)

- കഴുത്ത്- ഗളം
- ജലം- അംബു
- പാമ്പ്- ചക്ഷുഃശ്രവണൻ, അഹി
- തുല്യം- സന്നിഭം
- ചുട്ടുപഴുത്ത- സന്തപ്തം
- തവള- ദർദുരം
- അഗ്നി- വഹ്നി
- വിഴുങ്ങപ്പെട്ടത്- പരിഗ്രസ്തം

**30.** "ഭോഗങ്ങളെല്ലാം....... ചഞ്ചലമാലയ സംഗമം"
(14 വരികൾ) കാവ്യഭാഗം വായിച്ച്, ജീവിതത്തിന്റെ ക്ഷണികത മനസ്സിലാക്കാനായി ഏതെല്ലാം ഉദാഹരണങ്ങളാണ് കവി ഇവിടെ പ്രയോഗിച്ചിരിക്കുന്നതെന്ന് കണ്ടെത്തുക

(ഓരോന്നിന്റെയും സവിശേഷതകൾ അധ്യാപകന് വിശദീകരിക്കാം)


**31.** ( 'ഫസ്റ്റ്ബെൽ' ക്ലാസ്സുകളിലെ കേരളപാഠാവലിയുടെ നാലാമത്തെ ക്ലാസ്സ് (ലക്ഷ്മണസാന്ത്വനം- അവസാനക്ലാസ്സ്) കുട്ടികൾ ഒരിക്കൽ ക്കൂടി ശ്രദ്ധാപൂർവം കാണട്ടെ... ചെറിയ കുറിപ്പുകൾ എഴുതട്ടെ)

ഈ ക്ലാസ്സിനെ അടിസ്ഥാനമാക്കി
'എഴുത്തച്ഛന്റെ ഭാഷാസേവനങ്ങൾ' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

# കേരളപാഠാവലി

## കാലാതീതം കാവ്യവിസ്മയം

# ഋതുയോഗം



# 2 ഋതുയോഗം

.

## അവസ്ഥാപഠനം

### പ്രവർത്തനം 1
### ചോദ്യപ്പയറ്റ്

( ചുവടെ ചേർത്തിരിക്കുന്ന ഒരു മാർക്കുചോദ്യങ്ങളുടെ മാതൃകയിൽ ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയും 5 ചോദ്യങ്ങൾ വീതം നിർമ്മിക്കുകയും അവർ പരസ്പരം ചോദ്യപ്പയറ്റ് നടത്തുകയുമാണ് വേണ്ടത്. ചോദ്യപ്പയറ്റ് നിരീക്ഷിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന അദ്ധ്യാപികയ്ക്ക് ഓരോ കുട്ടിയുടെയും അവസ്ഥ കൃത്യ മായി വിശകലനം ചെയ്യാൻ കഴിയും.)

1) "അഭിജ്ഞാനശാകുന്തളം' നാടകം എഴുതിയതാര് ?
   - കാളിദാസൻ.
2) ദുഷ്ഷന്തൻ ഏത് രാജ്യത്തെ രാജാവായിരുന്നു ?
   - ഹസ്തിനപുരി.
3) .ആരുടെ ശാപത്താലാണ് ദുഷ്ഷന്തൻ ശകുന്തളയെ മറന്ന് പോയത് ?
   - ദുർവ്വാസാവ്.
4) സിംഹക്കുട്ടിയെ കളിക്കാനായി നിർബന്ധിക്കുന്ന ബാലൻ ആരായിരുന്നു ?
   - സർവ്വദമനൻ
5) ഇവൻ വാക്കുകൊണ്ട് മാത്രം തൃപ്തിപ്പെടുന്നവനല്ല' ആരെക്കുറിച്ചാണ് ഈ സൂചന?
   - സർവ്വദമനനെക്കുറിച്ച്.

# പാഠവിശകലന ചോദ്യങ്ങൾ
## (ഒരു മാർക്ക് വീതം)

6) സർവ്വദമനന്റെ കൈയിലെ രക്ഷ പുറത്തുള്ളവർ തൊട്ടാൽ എന്തു സംഭവിക്കും ?

- സർപ്പമായിത്തീർന്നു തൊടുന്നയാളെ കൊത്തും

7) എന്റെ അച്ഛൻ ദുഷ്ഷന്തനാണ്, താനല്ല' സർവ്വദമനന്റെ വാക്കുകളിൽ നിഴലിക്കുന്ന ഭാവമെന്ത്?

- കുൂസലില്ലായ്മ.

8) 'ഹൃദയമേ ഇനി ആശ്വസിക്കാം . ദൈവം മത്സരം വിട്ട് എന്റെ നേരെ കരുണ ചെയ്തു എന്നു തോന്നുന്നു.' ആരുടേതാണ് ഈ വാക്കുകൾ ?

- ശകുന്തളയുടെ.

9) ഇതു വൈഷമ്യക്കാരനാണ് '- ശകുന്തള വൈഷമ്യക്കാരൻ എന്നു വിശേഷിപ്പിക്കുന്നത് എന്തിനെയാണ് ?

- മോതിരത്തെ.

10)മാരീചൻ നല്കുന്ന ആശിസ്സിൽ ശകുന്തള ആരെപ്പോലെയാവണമെന്നാണ് പറയുന്നത് ?

- ഇന്ദ്രഭാര്യയായ പൗലോമിയെപ്പോലെ.

## വ്യാകരണസംബന്ധിയായ തിരിച്ചറിവ് .
## (ഒരു മാർക്ക് വീതം)

11)ആശ്ചര്യം + ആശ്ചര്യം

- ആശ്ചര്യമാശ്ചര്യം

12) മണ്ണുകൊണ്ടുണ്ടാക്കിയ മയിൽ

- മണ്മയിൽ

13) വ്രതത്തിന്റെ നിഷ്ഠ

- വ്രതനിഷ്ഠ

14) സിംഹത്തിന്റെ കുട്ടി

- സിംഹക്കുട്ടി

15) പൂപോലുള്ള മേനി

- പൂമേനി

## കുറിപ്പു തയ്യാറാക്കുക.(രണ്ടു മാർക്കു വീതം

16) "സർവ്വദമനൻ എന്നു മഹർഷിമാർ നിനക്കു പേരിട്ടതു ശരി തന്നെ' താപസി ഇങ്ങനെ പ്രതികരിക്കാൻ കാരണമെന്ത് ?

- സർവ്വദമനൻ - എല്ലാത്തിനെയും അടക്കിനിർത്തുന്നവൻ .
- സിംഹത്തിനെയും ,താപസരെയും അടക്കിനിർത്തുവാനുള്ള കഴിവ്',
- കുറുമ്പ് കൂടിപ്പോകുന്നു ,
- വളർത്തുമൃഗങ്ങളെ ഉപദ്രവിക്കുന്നു.

17) സർവ്വദമനന്റെ കൈയ്യിൽ അണിഞ്ഞിട്ടുള്ള രക്ഷയുടെ പ്രത്യേകതകൾ എന്തെല്ലാം?

- രക്ഷ - അപരാജിത എന്നു പേരായ ഔഷധിയാണ്.
- മാരീചഭഗവാനാണ് ബാലന് രക്ഷ കെട്ടിക്കൊടുത്തത്
- രക്ഷ താഴെ വീണാൽ കെട്ടാൻ അവകാശമുള്ളത് അച്ഛനും അമ്മയ്ക്കും ബാലനും മാത്രം.

- അന്യർ തൊട്ടാൽ രക്ഷ സർപ്പമായി മാറി തൊട്ടയാളെ കൊത്തും.

18) സാദൃശ്യകല്പന കണ്ടെത്തുക ( 2 മാർക്ക് വീതം)

1. 'കുസൃതി കാട്ടി ആശ്രമവിരുദ്ധ പ്രവൃത്തി ചെയ്തു ' സർവ്വദമനന്റെ പ്രവൃത്തിയെ എന്തിനോടാണ് സാദൃശപ്പെടുത്തിയിരിക്കുന്നത് ?

- ചെറുപാമ്പ് ചന്ദനമരത്തെ അശുദ്ധമാക്കുന്നതു പോലെ.

2. സർവ്വദമനന്റെ കരത്തെ എന്തിനോടാണ് സാദൃശപ്പെടുത്തിയിരിക്കുന്നത് ?

- ദലകുലം തെളിയാതെ ഒന്നായി വിടരുന്ന താമരപ്പൂവിനോട്.

## സന്ദർഭം തിരിച്ചറിഞ്ഞ് കുറിപ്പു തയ്യാറാക്കുക

- **(4 മാർക്ക് വീതം)**

19) "ദൈവം മത്സരം വിട്ട് എന്റെ നേരെ കരുണ ചെയ്തു എന്നു തോന്നുന്നു . ആരാണിങ്ങനെ പ്രതികരിക്കുന്നത് ? എന്തുകൊണ്ടാണ് ? സന്ദർഭം കണ്ടെത്തി കുറിപ്പ് തയാറാക്കുക.

- ശകുന്തള
- തന്റെ ഭർത്താവായ ദുഷ്ഷന്തനാണ് വന്നിരിക്കുന്നതെന്ന് തിരിച്ചറിയുന്ന സന്ദർഭം.
- ദീർഘകാലത്തെ വിരഹത്തിന്റെ അവസാനമായിരിക്കുന്നുവെന്ന ചിന്ത.

## ഔചിത്യം പരിശോധിക്കുക ( 4 മാർക്ക്)

20) ചന്ദ്രൻ രോഹിണിയോട് ചേർന്നതുപോലെയെന്നു ദുഷ്ഷന്തന്റെയും ,ശകുന്തളയുടെയും പുനഃസമാഗമത്തെ സാദൃശപ്പെടുത്തിയതിന്റെ ഔചിത്യം പരിശോധിക്കുക .

- രാഹുവിൽ നിന്നും വിടുതൽ നേടി ചന്ദ്രൻ ഭാര്യയായ രോഹിണിയോടു ചേരുന്നു.
- ദുർവ്വാസാവിന്റെ ശാപത്തിൽ നിന്നു വിടുതൽ നേടി ദുഷ്ഷന്തൻ ഭാര്യയായ ശകുന്തളയോടു ചേർന്നിരിക്കുന്നു.

## കുറിപ്പു തയ്യാറാക്കുക (4 മാർക്ക്)

21) മാരീചൻ ശകുന്തളയ്ക്കു നൽകുന്ന ആശിസ്സെന്ത് ?

- ഭർത്താവ് ഇന്ദ്രനു സമനാവട്ടെ.
- മകൻ ഇന്ദ്രപുത്രനായ ജയന്തനു സമനാകട്ടെ .
- ശകുന്തള ഇന്ദ്രഭാര്യയായ പൗലാമിക്കു തുല്യയാകട്ടെ

22) "കല്യാണം കൈവരുമ്പോൾ കലുഷമതികളിമ്മട്ടിലും
ചേഷ്ടകാട്ടും മാല്യം മൂർദ്ധാവിലിട്ടാൽ തല കുടയുമുടൻ
പാമ്പിതെന്നോതിയന്ധൻ ''
ഈ വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- അന്ധൻ മാലയെ പാമ്പായി കരുതുന്നു.
- ദുർവാസാവിന്റെ ശാപത്താൽ തന്റെ മുന്നിലെത്തിയ ശകുന്തളയെ ദുഷ്ഷന്തൻ തിരിച്ചറിയുന്നില്ല.
- മനസ്സ് മന്ദീഭവിച്ചവർ നല്ല കാലം വരുമ്പോഴും ഇപ്രകാരം പ്രവർത്തിക്കും.

## ലഘു ഉപന്യാസം തയ്യാറാക്കുക ( 6 മാർക്ക്)

23) സർവ്വദമനൻ തന്റെ മകനാണെന്ന് ദുഷ്ഷന്തനു തോന്നാനിടയായ കാരണങ്ങൾ ചുരുക്കി പ്രതിപാദിക്കുക.

- ബാലനോട് അതിയായ സ്നേഹം തോന്നുന്നു.
- ബാലന്റെ കൈയ്യിൽ ചക്രവർത്തിലക്ഷണം കാണുന്നു.

- സർവ്വദമനൻ മഹർഷിബാലനല്ലെന്ന താപസിയുടെ പ്രസ്താവന
- ബാലന് രാജാവിന്റെ മുഖച്ഛായ
- ബാലന്റെ അമ്മയുടെ പേര് ശകുന്തളയെന്നാണെന്നു തിരിച്ചറിയുന്നു.
- ബാലൻ പുരുവംശത്തിൽ പിറന്നവൻ ആണെന്നുള്ള തിരിച്ചറിവ്.

24) "കുഞ്ഞേ ഭർത്താവ് നിന്നെ ആദരിക്കട്ടെ" അദിതിയുടെ ഈ ആശിസും ശകുന്തളയുടെ കാൽക്കൽ വീണ് മാപ്പിരക്കുന്ന ദുഷ്ഷന്തന്റെ പ്രവൃത്തിയും വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

- പണ്ടുകാലം മുതൽ സമൂഹം സ്ത്രീകളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു.
- ദുഷ്ഷന്തൻ രാജാവായിട്ടും തെറ്റ് തിരുത്താനുള്ള മനസ്സ്.

# പ്രക്രിയാ ബന്ധിതപ്രവർത്തനങ്ങൾ

## 25) തത്സമയ വാർത്താറിപ്പോർട്ടിംങ്

'കാശ്യപാശ്രമത്തിൽ ദുഷ്ഷന്തമഹാരാജാവിന്റെ മിന്നൽ സന്ദർശനം' - തത്സമയ വാർത്താറിപ്പോർട്ട് തയ്യാറാക്കുക.

- ടി.വി. യിലെ തത്സമയ റിപ്പോർട്ടിങ് പോലെ അനുഭവപ്പെടണം.

- കാശ്യപാശ്രമത്തിൽ നടന്ന പ്രധാന കാര്യങ്ങൾ വിട്ടുപോകാതെ ശ്രദ്ധിക്കണം .

26) ദൃക്സാക്ഷി വിവരണം തയ്യാറാക്കുക

ദുഷ്ഷന്തമഹാരാജാവിന്റെ ആശ്രമ സന്ദർശനം.

- ദൃക്സാക്ഷി വിവരണത്തിന്റെ ആവേശം സൃഷ്ടിക്കാനനുയോജ്യമായ ഭാഷ.
- പ്രധാന സംഭവങ്ങൾ വിട്ടുപോകാതെ ചേർക്കണം.


# വർക്ക് ഷീറ്റ്

## കഥാപാത്ര സവിശേഷതകൾ കണ്ടെത്തുക

| ദുഷ്ഷന്തൻ | ശകുന്തള | സർവദമനൻ |
|---|---|---|
| • ഹസ്തിനപുരിയിലെ രാജാവ്<br>•<br>•<br>•<br>• | • ...<br>• ...<br>• ...<br>• മേനകയാണ് ശകുന്തളയുടെ അമ്മ<br>• | • ...<br>• ...<br>• ...<br>• കാശ്യപന്റെ ആശ്രമത്തിലാണ് വളർന്നത്<br>• ...<br>• |

# വർക്ക് ഷീറ്റ്

- **കഥാപാത്ര നിരൂപണം....... സർവദമനൻ**





- ദുസ്സാമർത്ഥ്യക്കാരൻ
- വളർത്തുമൃഗങ്ങളെ ഉപദ്രവിക്കുന്നു
- വാക്കുകൾകൊണ്ട് തൃപ്തിപ്പെടുന്നവനല്ല
- മറ്റുള്ളവരെ അംഗീകരിക്കാത്ത പ്രകൃതം
- ...
- ....
- ...

# കേരളപാഠാവലി

# കാലാതീതം കാവ്യവിസ്മയം

# പാവങ്ങൾ



# പാവങ്ങൾ

## വിക്ടർ ഹ്യൂഗൊ

നാലപ്പാട്ട് നാരായണ മേനോൻ

## അവസ്ഥാ വിശകലനം

1. ഴാങ് വാൽഴാങ്ങ് ജയിലിലായത് എന്ത് കുറ്റം ചെയ്തിട്ടാണ്?

   - റൊട്ടി മോഷ്ടിച്ചിട്ട്

2. അയാൾ റൊട്ടി മോഷ്ടിച്ചത് ആർക്കു വേണ്ടിയാണ്?

   - സഹോദരിയ്ക്കും മക്കൾക്കും വേണ്ടി

3 റൊട്ടി മോഷ്ടിച്ച കുറ്റത്തിന് ലഭിച്ച ശിക്ഷ എത്ര വർഷമായിരുന്നു?

   - അഞ്ചുവർഷം

4 എങ്ങനെയാണ് ജയിൽ ശിക്ഷ 19 വർഷം നീണ്ടുപോയത് ?

   - ജയിൽ ചാടാൻ 3 തവണ ശ്രമിച്ചതിനാൽ

5. ജയിൽ മോചിതനായ ഴാങ്ങിന് അഭയം നൽകിയത് ആരായിരുന്നു?

   - മെത്രാൻ

6. അഭയം നൽകിയ മെത്രാനോട് അയാൾ ചെയ്തതെന്താണ്?

   - മെത്രാന്റെ വെള്ളിപ്പാത്രങ്ങൾ മോഷ്ടിച്ചു.

7. ലോകസാഹിത്യത്തിലെ നിത്യവിസ്മയം എന്നു വിശേഷിപ്പിക്കുന്ന കൃതിയേത്?

   - ലാമിറാബലെ

8. ലാമിറാബലെ മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാര്?

➢ നാലപ്പാട്ട് നാരായണ മേനോൻ

9. ലാമിറാബലെയുടെ മലയാള വിവർത്തനത്തിന്റെ പേര്?

➢ പാവങ്ങൾ

10. ഴാങ് വാൽ ഴാങ്ങിന്റെ തൊഴിലെന്തായിരുന്നു?

➢ മരംവെട്ട്

# പാഠവിശകലന ചോദ്യങ്ങൾ

## (1 മാർക്ക് ചോദ്യത്തിലേക്ക്)

11. മാതൃക പോലെ എഴുതുക

(കാലാഹി ..... കാലമാകുന്ന അഹി,
കാഹള ശബ്ദം - കാഹളത്തിന്റെ ശബ്ദം)

**ഉപ്പു പ്രതിമ**...........?

➢ ഉപ്പുകൊണ്ടുള്ള പ്രതിമ

12. "ഴാങ് വാൽ ഴാങ്ങിന്റെ കണ്ണുകൾ രണ്ടും 'മിഴിഞ്ഞു പോയി' "അടിവരയിട്ട പ്രയോഗം അർത്ഥമാക്കുന്നത് ?

➢ കണ്ണുകൾ തുറന്നിരിക്കുക
➢ മിഴിഞ്ഞു നിൽക്കുക
➢ അത്യധികം അത്ഭുതപ്പെടുക

**സൂചന.** :

- അത്യധികം അത്ഭുതപ്പെടുക

13. "ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്ക് മരംകൊണ്ടുള്ള മുള്ളും കൈലും കൂടെ ആവശ്യമില്ല."

ഈ വാക്യത്തിലൂടെ വെളിവാകുന്ന മെത്രാന്റെ സ്വഭാവസവിശേഷത എന്ത് ?

(ലാളിത്യം ,സത്യസന്ധത ,പരോപകാരം)

- ലാളിത്യം

## രണ്ട് മാർക്കിന്റെ ചോദ്യങ്ങൾ

14. അടിവരയിട്ട പദങ്ങളുടെ അർത്ഥവ്യത്യാസം കറിക്കുക

➢ രണ്ട് നിമിഷത്തേക്ക് അയാൾ തന്റെ കാര്യം *പോയി* എന്നു തീർച്ചപ്പെടുത്തി

➢ രാജു കടയിൽ സാധനങ്ങൾ വാങ്ങാൻ *പോയി* .

**സൂചകം**

- ആദ്യത്തേത് ജീവൻ പോയി .എന്ന അർത്ഥത്തിൻ
- രണ്ടാമത്തേത് പോവുക എന്ന അർത്ഥത്തിൽ

15.

➢ ഹാ! എന്റെ ഭഗവാനേ, അതു വിചാരിക്കുമ്പോൾ *തടി* വിറയ്ക്കുന്നു

➢ വീടുപണിക്ക് കൊണ്ടുവന്ന *തടിയ്ക്ക്* തീരെ കനമില്ലായിരുന്നു.

**സൂചകം**

- ഒന്നാമത്തേത് ശരീരം എന്ന അർത്ഥത്തിൽ
- രണ്ടാമത്തേത് തടി എന്ന അർത്ഥത്തിൽ.

16. "തലേ ദിവസം രാത്രിയിൽ ഴാങ് വാൽ ഴാങ്ങ് ഭക്ഷണം കഴിച്ചത് എവിടെ വെച്ചോ ആ മേശപ്പുറത്ത് വച്ച് തന്നെ അദ്ദേഹം പ്രാതൽ കഴിക്കയായിരുന്നു"

മെത്രാന്റെ സ്വഭാവത്തിന്റെ എന്തു സവിശേഷതയാണ് ഈ വരികളിൽ തെളിയുന്നത്?

- സഹജീവികളെ തനിക്കൊപ്പം കാണാനുള്ള മെത്രാന്റെ മനസ്സ്

17. പോലീസുകാർ പിടിച്ചുകൊണ്ടുവന്നപ്പോൾ ഴാങ്ങിനോട് മെത്രാൻ പറഞ്ഞതെന്ത്?

## സൂചകം

- നിങ്ങളെ കാണാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു.
- ഞാൻ നിങ്ങൾക്ക് വെള്ളി മെഴുകുതിരിക്കാലുകളും തന്നുവല്ലോ.
- മുള്ളുകളും കയ്യിലുകളും എടുത്ത കൂട്ടത്തിൽ നിങ്ങൾ എന്തുകൊണ്ട് അവ കൂടി കൊണ്ടു പോയില്ല?

18. "ഴാങ്ങിന്റെ കണ്ണു രണ്ടും മിഴിഞ്ഞു പോയി. മനുഷ്യനെക്കൊണ്ടു പറഞ്ഞറിയിക്കാൻ നിവൃത്തിയില്ലാത്ത ഒരു ഭാവ വിശേഷത്തോടു കൂടി അയാൾ ആ വന്ദ്യനായ മെത്രാനെ തുറിച്ചു നോക്കി." സന്ദർഭമേത്?

## സൂചകം

- പോലീസുകാർ ഴാങ്ങിനെ പിടിച്ചു കൊണ്ടുവന്നപ്പോൾ
- ഞാൻ നിങ്ങൾക്ക് തന്ന മെഴുകുതിരിക്കാലുകൾ നിങ്ങൾ എന്തുകൊണ്ട് കൊണ്ടുപോയില്ല എന്ന് മെത്രാൻ ചോദിച്ചത് കേട്ടപ്പോൾ .

19. എന്നെ വിടാൻ പോകുന്നു എന്നത് വാസ്തവം തന്നെയോ? ആരാണ് ഇത്തരത്തിൽ സംശയിക്കുന്നത്?

## സൂചകം

- വെള്ളിസാമാനങ്ങൾ മോഷ്ടിച്ചു കടന്നുകളഞ്ഞ ഴാങ്ങിനെ പോലീസുകാർ പിടികൂടി മെത്രാന്റെ മുന്നിൽ ഹാജരാക്കുന്നു.
- വെള്ളിസാമാനങ്ങൾ താനയാൾക്ക് സമ്മാനിച്ചതാണെന്നു പറഞ്ഞ് മെത്രാൻ അയാളെ പോലീസുകാരിൽ നിന്നും മോചിപ്പിക്കുന്നു.
- താൻ രക്ഷപെട്ടു എന്നു വിശ്വസിക്കാനാവാതെ ഇങ്ങനെ സംശയിക്കുന്നു.

20. അപ്പോൾ ഒന്നാമത്, ആ വെള്ളിസാമാനം നമ്മുടെതായിരുന്നുവോ" ഈ ചോദ്യത്തിലൂടെ മെത്രാൻ അർത്ഥമാക്കുന്നതെന്ത്?

### സൂചകം

- നമ്മൾ കയ്യടക്കി വെച്ചിരിക്കുന്നത് എല്ലാം നമ്മുടേതല്ല

21. "ഒരു സത്യവാൻ ആയിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളത് മറക്കരുതേ ...ഒരിക്കലും മറന്നു പോകരുത്".
ഈ വാക്യത്തിലൂടെ സൂചിപ്പിക്കുന്ന രണ്ടുകാര്യങ്ങൾ എഴുതുക.

### സൂചകം

- ചെയ്ത തെറ്റുകൾ ക്ഷമിക്കുന്നു
- ചെയ്ത തെറ്റ് ആവർത്തിക്കരുത്

22. ഉപ്പു കൊണ്ടുള്ള ഒരു പ്രതിമപോലെ അയാൾ നിന്നിടത്തു തന്നെ മിഴിച്ചു കൊണ്ട് നിന്നു'.
പ്രയോഗത്തിൽ ഔചിത്യ ഭംഗി കണ്ടെത്തുക.

- രക്ഷപ്പെടാൻ അവസരമുണ്ടായിട്ടും വീണ്ടും തെറ്റിലേക്ക് വീണുപോകുന്നു
- സ്വയം അലിഞ്ഞ് ഇല്ലാതാകുന്നുവെന്ന തോന്നൽ
- (ബൈബിൾ -പഴയനിയമം - ലോത്തിന്റെ ഭാര്യയുടെ കഥ)

## 4 മാർക്കിന്റെ ചോദ്യങ്ങൾ

23. പോലീസുകാരെ പറഞ്ഞയയ്ക്കുന്നതിനു മുന്നോടിയായി ഴാങ് വാൽഴാങ്ങിനോട് മെത്രാൻ പറഞ്ഞ കാര്യങ്ങൾ എന്തെല്ലാം?

### സൂചകങ്ങൾ

- നിങ്ങൾ സമാധാനമായിപ്പോവുക
- ഇനി ഇങ്ങോട്ടു വരുമ്പോൾ തോട്ടത്തിലൂടെ കടന്നു വരണമെന്നില്ല, പ്രധാന വാതിലിലൂടെത്തന്നെ വരാം.
- പ്രധാന വാതിൽ രാത്രിയും പകലും പൂട്ടിയിടാറില്ല

24. പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതുമായ സൗമ്യഭാവം. ഒരു നായയെപ്പോലെ എല്ലാവരെയും എഴുന്നേൽപ്പിക്കാൻ അപകടമറിയിക്കാൻ കുരയ്ക്കുന്നു '

പൂച്ച, പട്ടി എന്നീ മൃഗങ്ങളുടെ രീതികളുമായി ഴാങ് വാൽ ഴാങ്ങി ന്റെ മോഷണശ്രമത്തെ ബന്ധിപ്പിച്ചതിന്റെ ഔചിത്യം പരിശോ ധിക്കുക .

**സൂചകങ്ങൾ**

- എത്ര സ്നേഹം കാണിച്ചാലും അവസരമൊത്തു വന്നാൽ മോഷ്ടിക്കുന്ന പൂച്ച - ഴാങ് വാൽ ഴാങ്ങുമായി നല്ല സാദൃശ്യം.
- നായ ഒരു വീട് എപ്രകാരമാണോ സംരക്ഷിക്കുന്നത് അതേ കാര്യം ഇവിടെ തിരികുറ്റി ചെയ്യുന്നു. തിരികുറ്റിയുടെ ശബ്ദം ഉറങ്ങുന്നവരെ ഉണർത്താനാണ് എന്ന് സൂചന.

25. ഴാങ് വാൽ ഴാങ്ങിന്റെ കണ്ണ് രണ്ടും മിഴിഞ്ഞു പോയി. മനുഷ്യനെ ക്കൊണ്ട് പറഞ്ഞറിയിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു ഭാവവിശേഷത്തോകൂടി അയാൾ മെത്രാനെ തുറിച്ചുനോക്കി. എന്തുകൊണ്ടാണ് ഴാങ് വാൽഴാങ് മെത്രാനെ തുറിച്ചു നോക്കി നിന്നത്?

**സൂചകങ്ങൾ**

- വെള്ളിപ്പാത്രങ്ങൾ സമ്മാനമായി നൽകിയതാണ് എന്ന് മെത്രാൻ പറഞ്ഞത്
- പിടിക്കപ്പെട്ടു എന്ന് വിചാരിച്ച ഴാങിനെ മെത്രാൻ രക്ഷിച്ചത് എന്തുകൊണ്ടെന്ന് അത്ഭുതപ്പെട്ടത്

26. പോലീസുകാരെ പറഞ്ഞയയ്ക്കുന്നതിനു മുന്നോടിയായി ഴാങ് വാൽഴാങ്ങിനോട് മെത്രാൻ പറഞ്ഞ കാര്യങ്ങൾ എന്തെല്ലാം?

**സൂചകങ്ങൾ**

- നിങ്ങൾ സമാധാനമായിപ്പോവുക
- ഇനി ഇങ്ങോട്ടു വരുമ്പോൾ തോട്ടത്തിലൂടെ കടന്നു വരണമെന്നില്ല, പ്രധാന വാതിലിലൂടെത്തന്നെ വരാം.
- പ്രധാന വാതിൽ രാത്രിയും പകലും പൂട്ടിയിടാറില്ല

## 6 മാർക്കിന്റെ ചോദ്യങ്ങൾ

27. പാവങ്ങൾ എന്ന പാഠഭാഗം നൽകുന്ന സന്ദേശം ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ അസംബ്ലിയിൽ നടത്താൻ ഒരു ലഘു പ്രസംഗം തയ്യാറാക്കുക.

### സൂചകങ്ങൾ

- പ്രസംഗത്തിന്റെ ഘടന
- നമുക്ക് സ്വന്തമെന്നു തോന്നുന്നവയെല്ലാം മറ്റുള്ളവരുടേതു കൂടിയാണ്
- ഒരാളെ കുറ്റവാളിയാക്കുന്നതിൽ സമൂഹത്തിന് വലിയ പങ്കുണ്ട്.
- മെത്രാനെപ്പോലെ സഹജീവി സ്നേഹമുള്ളവരായി എല്ലാവരും വളരണം.

28. ഴാങ് വാൽ ഴാങ്ങ് വാതിൽ തള്ളിത്തുറക്കുന്നതുമായി ബന്ധപ്പെട്ട സാദൃശ്യകല്പനകളുടെ സവിശേഷതകൾ വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക.

### സൂചകങ്ങൾ

- അകത്തു കടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതുമായ ഭാവം
- ഇഹലോക കർമ്മങ്ങളെ വിചാരണയ്ക്കെടുക്കുന്ന സമയത്തെ കാഹള ശബ്ദം പോലെ
- തിരികുറ്റി നായയായി മാറുന്നതും കുരയ്ക്കുന്നതും
- രണ്ട് ചെന്നിക്കുമുള്ള രക്തനാഡികൾ കൊല്ലന്റെ രണ്ട് കൂടങ്ങൾ പോലെ ആഞ്ഞടിക്കുന്നതും
- ഗുഹയിൽ നിന്ന് പുറപ്പെടുന്ന കാറ്റിന്റെ ഇരമ്പിച്ചയോടു കൂടി നിശ്വാസവായു പുറത്തേക്ക്

29. "എന്റെ സ്നേഹിതാ ഇനി ഇങ്ങോട്ട് വരുമ്പോൾ നിങ്ങൾക്കു തോട്ടത്തിലൂടെ കടന്നു പോരണമെന്നില്ല, തെരുവിലേക്കുള്ള വാതിലിലൂടെ തന്നെ എപ്പോഴും വരുകയും പോവുകയും ചെയ്യാം. "ഴാങ് വാൽ ഴാങ്ങിന് ഒരു സത്യവാനായി മാറുന്ന

തിന് ഈ വാക്യം സ്വാധീനിച്ചിട്ടുണ്ടാകുമോ? സ്വാഭിപ്രായം എഴുതുക?

**സൂചകങ്ങൾ**

- നേർവഴിയാണ് നല്ലതെന്ന സൂചന
- വളഞ്ഞവഴി സ്വീകരിക്കാതെ നേരായ വഴി സ്വീകരിക്കണമെന്ന ഉപദേശം.

# പ്രക്രിയാബന്ധിത പ്രവർത്തനം

30. പാവങ്ങൾ എന്ന പാഠഭാഗത്തിലെ പ്രധാന സംഭവങ്ങൾ വിട്ടുപോകാതെ റേഡിയോ നാടകം തയ്യാറാക്കുക

**സൂചകങ്ങൾ**

- പ്രധാന സംഭവങ്ങൾ വിട്ടുപോകാതിരിക്കണം
- സംഭാഷണത്തിന് പ്രാധാന്യം നൽകണം

31. പാവങ്ങൾ എന്ന പാഠഭാഗത്തിൽ പോലീസുകാർ ഴാങ് വാൽ ഴാങ്ങിനെയും കൂട്ടി ബിഷപ്പിന്റെ അടുത്തെത്തുന്ന ഭാഗം തിരക്കഥയായി അവതരിപ്പിക്കുക

**സൂചകങ്ങൾ**

- തിരക്കഥയുടെ സവിശേഷതകൾ ഉണ്ടായിരിക്കണം

# കേരളപാഠാവലി

## അനുഭൂതികൾ ആവിഷ്കാരങ്ങൾ

# വിശ്വരൂപം



# വിശ്വരൂപം

ലളിതാംബിക അന്തർജ്ജനം

# അവസ്ഥാ വിശകലനം

1. അഗ്നിസാക്ഷി എന്ന ഒറ്റ നോവൽ കൊണ്ട് മലയാള സാഹിത്യത്തിൽ ഇടം പിടിച്ച സാഹിത്യകാരി

- ലളിതാംബിക അന്തർജ്ജനം

2. മാതൃത്വത്തിന്റെ മഹത്വം വിളിച്ചോതുന്ന ലളിതാംബിക അന്തർ ജ്ജനത്തിന്റെ കഥ ഏത്?

- വിശ്വരൂപം

3. വിശ്വരൂപത്തിലെ പ്രധാന കഥാപാത്രങ്ങൾ ആരെല്ലാം?

- മിസ്റ്റർ തലത്ത് , മിസ്സിസ് തലത്ത് , സുധീർ

4. ഭാരതീയ സ്ത്രീത്വത്തിന്റെ അംബാസഡർ എന്നു വിശേഷിപ്പിച്ച കഥാപാത്രം ആര്?

- മിസ്സിസ് .തലത്ത്

5. "ഞാൻ ഇൻഡ്യയിൽ ജനിച്ചു. പക്ഷേ, ജീവിച്ചത് ഇവിടെയല്ലല്ലോ" ആരുടെ വാക്കുകളാണ്?

- മിസ്സിസ്. തലത്തിന്റെ

6. പാശ്ചാത്യനാടുകളിൽ നിന്ന് പറന്നുവീണ ഒരു യുവാവിനെപ്പോലെ യുണ്ട് വേഷം - ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്?

- സുധീറിനെക്കുറിച്ച്

7. തങ്ങൾക്ക് രണ്ട് പേർക്കും പ്രിയപ്പെട്ടതായിരുന്നതും തങ്ങളെ കൂട്ടിയിണക്കിയിരുന്നതുമായ ഒരു വ്യക്തിയുടെ സ്മരണ അതിലൂടെ ഒലിച്ചിറങ്ങി. ആരെയാണ് ഇവിടെ സ്മരിക്കുന്നത്?

- മിസ്റ്റർ തലത്തിനെ

8. "നോക്കൂ, നമുക്ക് അഞ്ചാമതൊരു കുട്ടിയുണ്ടായിരിക്കുന്നു. ഒരു മകൻ. "ആരായിരുന്നു അഞ്ചാമത്തെ മകൻ?

- സുധീർ

# വിശകലന ചോദ്യങ്ങൾ

## ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരം എഴുതുക ( 2 മാർക്ക് വീതം)

9. എന്റെ അമ്മ എന്നും ഉണ്ടാക്കിയിരുന്നതാണ്. അവർ തനിച്ചു പാകം ചെയ്ത് അടുത്തിരുന്നു തീറ്റും. സുധീറിന്റെ ഈ വാക്കുകളിൽ നിറയുന്ന ഭാവം വിശദമാക്കുക?

### സൂചനകൾ:
- മാതൃസ്നേഹം,
- മാതാവിനോടുള്ള അടുപ്പം,
- മാതാവിന്റെവാത്സല്യം, കരുതൽ ,തലോടൽ തുടങ്ങിയവ.

**10.** താഴത്തു കുഞ്ഞിക്കുട്ടിയമ്മയെ കഥാകൃത്ത് എങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത്?

### സൂചനകൾ:
- കൃശമായ ശരീരം, നെറ്റിയിൽ ഭസ്മക്കുറി, കഴുത്തിൽ രുദ്രാക്ഷമാല.
- ഒരു സന്ന്യാസിനിയുടെ ഭാവഹാവാദികൾ

**11**. മക്കളോടുള്ള മിസ്സിസ്.തലത്തിന്റെ സമീപനം എപ്രകാരമായിരുന്നു?

### സൂചനകൾ:
- മക്കൾക്ക് വേണ്ടത്ര പ്രാധാന്യമോ പരിഗണനയോ കൊടുത്തില്ല.
- അവരെ ബോർഡിങ്ങിൽ ആക്കുന്നു .
- അലങ്കരിച്ച ബൊമ്മകളെപ്പോലെ അവരെ കൈകാര്യം ചെയ്യുന്നു .

12. വിശ്വരൂപത്തിന്റെ പ്രമേയം ഇതിന്റെ പ്രവേശക വരികളായ
"അൻപുതരു മന്യരൊടു ബന്ധമാ ,
ബന്ധങ്ങൾ നൺപെന്ന മഹിത സൗഭാഗ്യം"
എന്നതിനോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

**സൂചനകൾ:**

- മിസ്റ്റർ തലത്ത് ,മിസ്സിസ് തലത്ത്, സുധീർ ഇവർ തമ്മിലുള്ള സൗഹൃദമാണ് പാഠഭാഗത്തുള്ളത്.
- പിതൃ പുത്ര ബന്ധവും പിൽക്കാലത്ത് മാതൃപുത്ര ബന്ധവും ഇവരുടെ ഇടയിൽ ഉടലെടുത്തിരുന്നു.

13. "ഞാൻ മുൻകൂട്ടി വരേണ്ടതായിരുന്നു മാഡം" സുധീർ ഇപ്രകാരം പറയാൻ കാരണമെന്ത്?

**സൂചനകൾ:**

- വളരെയധികം അടുപ്പം ഉണ്ടായിട്ടും മിസ്സിസ് തലത്തിനെ കാണാൻ വരാൻ താമസിച്ചു പോയതിലുള്ള കുറ്റബോധം
- വൃദ്ധയുടെ വൈകാരിക അവസ്ഥ,
- മിസ്റ്റർ തലത്തിന്റെ അസാന്നിധ്യം

## അര പേജിൽ കവിയാതെ ഉത്തരം എഴുതുക (4 മാർക്ക് വീതം)

**14**. " ചക്രവർത്തിനിയുടെ ജന്മമാണ് അവർക്ക്. ആരുടെ മുമ്പിലും തല കുനിക്കില്ല" ഈ വരികളെ മുൻനിർത്തി മിസ്സിസ് തലത്തിന്റെ സ്വഭാവസവിശേഷതകളും ജീവിതസാഹചര്യവും വിലയിരുത്തുക?

**സൂചനകൾ:**

- ആരുടെ മുന്നിലും തലകുനിക്കാത്ത മിസ്സിസ് തലത്ത്.
- ഭർത്താവിനു വേണ്ടി മാത്രം രൂപപ്പെടുത്തിയ ജീവിതം
- ഡോക്ടർ തലത്തിന്റെ മരണത്തെത്തുടർന്ന് ഉണ്ടായമാറ്റം
- വാർദ്ധക്യത്തിലും ആർക്കും ഒരു ഭാരം ആവാൻ ആഗ്രഹിക്കാത്ത മിസ്സിസ് തലത്ത്
- നാലു മക്കളെയും അവർ ആശ്രയിക്കുന്നില്ല.

**15.** "നോക്കൂ, നമുക്ക് അഞ്ചാമത് ഒരു കുട്ടി കൂടി ഉണ്ടായിരിക്കുന്നു. ഒരു മകൻ. പക്ഷേ ഒരു വ്യത്യാസമുണ്ട് ഇവൻ കുറച്ചുനാൾ നമ്മോടു കൂടി താമസിക്കും" ഇങ്ങനെ പറയാൻ ഡോക്ടർ തല ത്തിനെ പ്രേരിപ്പിച്ച ജീവിതപശ്ചാത്തലം എന്ത്?

**സൂചനകൾ:**

- സാധാരണ കുട്ടികൾ അവരുടെ അച്ഛനമ്മമാർക്കൊപ്പം ആണ് താമസിക്കാറ് .
- തലത്ത് ദമ്പതികളുടെ മക്കൾ ജീവിതത്തിന്റെ ഭൂരിഭാഗം സമയവും ബോർഡിങ്ങിലും ഹോസ്റ്റലിലുമാണ് കഴിഞ്ഞിരുന്നത്.
- മക്കളോടൊപ്പം കഴിയാനാഗ്രഹിക്കുന്ന ഒരച്ഛന്റെ മനസ്സ്.
- കുട്ടികളെ കൂടെ താമസിക്കുന്നതിനെ ബാധ്യതയായി കരുതിയ മിസിസ്സ് തലത്ത്.
- സെക്രട്ടറി ആയതിനാൽ സുധീറിന് കുറച്ചുകാലം കൂടുതൽ ഇവരുടെ കൂടെ താമസിക്കാനായി.

**16.** അയാൾ ഓർത്തുപോയി
അയാൾ അവിടെ നിന്നു പോയി.
**പോയി,** എന്ന വാക്കിന് രണ്ടു വരികളിലും ഉള്ള അർത്ഥവ്യ ത്യാസം കണ്ടെത്തുക?

**സൂചനകൾ:**

- ഓർത്തു എന്നപൂർണ ക്രിയയുടെ അർത്ഥത്തെ മെച്ചപ്പെടുത്തു ന്നതിനാണ് ഒന്നാമത്തെ വരിയിൽ പോയി എന്ന സഹായ ക്രി യ (അനുപ്രയോഗം) പ്രയോഗിച്ചിട്ടുള്ളത്
- രണ്ടാമത്തെ വരിയിൽ "പോയി" എന്നത് പൂർണക്രിയ ആയി തന്നെ പ്രയോഗിച്ചിരിക്കുന്നു.

**17.** ഒരു സ്ത്രീയുടെ വിശ്വരൂപം ആണോ കഥയിൽ ആവിഷ്കരിച്ചി രിക്കുന്നത്? ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**സൂചനകൾ:**

- മിസ്സിസ് തലത്തിൻറ ജീവിതം.
- കുട്ടികളെ വളർത്താത്ത അമ്മ.
- മിസ്റ്റർ തലത്തിനുവേണ്ടി രൂപപ്പെടുത്തിയ വ്യക്തിത്വം

- ഭർത്താവിന്റെ മരണത്തെ തുടർന്നുണ്ടായ മാറ്റം
- സ്ത്രീയിൽ ജന്മസിദ്ധമായ മാതൃത്വത്തിലേക്കുള്ള തിരിച്ചു പോക്ക് .
- മാതൃത്വത്തിന്റെ വിശ്വരൂപം സ്വയം പ്രകടമാക്കുന്ന അമ്മയായ താഴത്തു കുഞ്ഞുകുട്ടി അമ്മ .

## ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക (6 മാർക്ക് വീതം)

**18.** "കാലത്തിനും ദേശത്തിനും അനുസരിച്ച് ജീവിതം സ്വയം രൂപപ്പെ ടുകയാണ്, സുധീറിന്റെ ഈ അഭിപ്രായത്തിന്റെ സാധുത മിസ്സിസ് തലത്തിന്റെ ജീവിതത്തെ മുൻനിർത്തി പരിശോധിക്കുക

### സൂചനകൾ:

- മിസിസ് തലത്തിന്റെ ജീവിതം
- ആരുടെ മുന്നിലും തലകുനിക്കാത്ത ഇന്നലെകൾ.
- മിസ്റ്റർ തലത്തിനുവേണ്ടി രൂപപ്പെടുത്തിയ ജീവിതം.
- മിസ്റ്റർ തലത്തിന്റെ മരണത്തെ തുടർന്നുണ്ടായ മാറ്റം
- സ്ത്രീയുടെ വിശ്വരൂപം ആയ മാതൃഭാവത്തിലേക്കുള്ള തിരിച്ചുപോക്ക്.

**19.** "ഞാൻ ഇന്ത്യയിൽ ജനിക്കാൻ ആഗ്രഹിക്കുന്നു മാഡം, ഇന്ത്യ എന്തു നല്ല നാടാണ്" വൃദ്ധന്റെ വാക്കുകളോടുള്ള പ്രതികരണ കുറിപ്പ് തയ്യാറാക്കുക.

### സൂചനകൾ:

- ഭാരതീയ സംസ്കാരത്തിൽ കുടുംബബന്ധങ്ങൾക്കും വ്യക്തി ബന്ധങ്ങൾക്കുമുള്ള പ്രാധാന്യം
- മാതാപിതാക്കളെ ഈശ്വരതുല്യം കണക്കാക്കുന്ന സംസ്കാരം.
- കുടുംബബന്ധങ്ങളിലെ പവിത്രത നിലനിർത്തൽ

**20 .** "അൻപുതരുമന്യരുടെ ബന്ധ, മാ ബന്ധങ്ങൾ നൺപെന്ന മഹിത സൗഭാഗ്യം" ,ഈ വരികളുടെ സമകാലിക പ്രസക്തി വ്യക്തമാക്കി ഒരു പ്രഭാഷണം തയ്യാറാക്കുക.?

### സൂചനകൾ:

- വർത്തമാനകാലത്ത് ബന്ധങ്ങൾ അവനവനിലേക്ക് ചുരുങ്ങുന്നു .
- പരസ്പരം പങ്കുവയ്ക്കലുകളോ സമാശ്വസിപ്പിക്കലുകളോ ഉണ്ടാകുന്നില്ല.

- ശക്തമായ സാമൂഹികബന്ധങ്ങൾ ഉണ്ടാകുന്നില്ല.
- മഹാമാരിയുടെ പശ്ചാത്തലത്തിലുണ്ടായ ശാരീരിക അകലം മാനസികമായ അടുപ്പക്കുറവിലേയ്ക്ക് കൂടി നയിക്കുന്നു.
- ഇതിനെ തരണം ചെയ്യാനുള്ള കൂട്ടായ പരിശ്രമത്തിന്റെ ആവ ശ്യകത ബോധ്യപ്പെടുത്തുന്ന വരികൾ.
- പ്രഭാഷണത്തിന്റെ ഘടന

**21**. 'പാശ്ചാത്യ സംസ്കാരത്തിൽ നിന്നും ഭാരതീയ സംസ്കാരം വളരെ വ്യത്യസ്തമാണ്.'
വിശ്വരൂപം എന്ന കഥയുടെ സമകാലിക പ്രസക്തി വ്യക്തമാ ക്കുന്ന ഒരു **എഡിറ്റോറിയൽ** തയ്യാറാക്കുക?

## സൂചനകൾ:

- മാതൃത്വത്തിന്റെ മഹത്വം എന്ന കേന്ദ്ര ആശയത്തെ സൂചിപ്പിച്ചിരിക്കുന്നു.
- മാതൃസ്നേഹം കുട്ടികൾക്ക് എത്രമാത്രം പ്രധാനമാണെന്ന തിരിച്ചറിവ്.
- വർത്തമാനകാലത്ത് അമ്മമാരിൽ നിന്നും കുട്ടികൾ നേരിടുന്ന വ്യത്യസ്ത തരത്തിലുള്ള അവഗണനകളെ കുറിച്ചുള്ള വിവരണങ്ങൾ.
- കുഞ്ഞുങ്ങളെ ഉപേക്ഷിക്കുക, പീഡനങ്ങൾക്കു കൂട്ടു നിൽക്കുക തുടങ്ങിയവ.
- സാമൂഹ്യമാധ്യമങ്ങളുടെ ദുരുപയോഗം
- കുടുംബബന്ധങ്ങളുടെ ദൃഢത നഷ്ടപ്പെടുന്നു.
- ഊഷ്മളമായ കുടുംബബന്ധങ്ങൾ നിലനിർത്തേണ്ടതിന്റെ ആവശ്യകത.
- എഡിറ്റോറിയലിന്റെ ഘടന

**22.** സ്ത്രീത്വത്തിന്റെ രണ്ടു മുഖങ്ങൾ ആണ് മിസ്സിസ്സ് തലത്തിലൂടെ യും താഴത്തു കുഞ്ഞിക്കുട്ടിയമ്മയിലൂടെയും ലളിതാംബിക അന്തർജ്ജനം ആവിഷ്കരിച്ചിരിക്കുന്നത് . ഏതാണ് ആ സ്ത്രീയു ടെ യഥാർത്ഥ രൂപം? നിങ്ങളുടെ നിഗമനങ്ങൾ കുറിക്കുക.

## സൂചനകൾ:

*മിസ്സിസ് തലത്ത്.*

- ഭാരതീയ സ്ത്രീത്വത്തിൻ്റെ അംബാസിഡർ എന്ന് വിളിക്കപ്പെട്ട പ്രൗഢവനിത.
- ഒരു ചക്രവർത്തിനിയ്ക്ക് യോജിച്ച സ്വഭാവ സവിശേഷതകൾ നിറഞ്ഞ വ്യക്തിത്വം.

- ഭർത്താവിന് വേണ്ടി ചിട്ടപ്പെടുത്തിയ ജീവിതം .
- മക്കളും രക്ഷിതാക്കളുമായുള്ള ബന്ധങ്ങളിൽ പോലും ഔപചാരികത പുലർത്തി .
- പാശ്ചാത്യ സംസ്കാരത്തെ പിന്തുടർന്ന ജീവിതരീതി

*താഴത്തു കുഞ്ഞുകുട്ടി അമ്മ.*

- പേരിൽ തന്നെ മിസ്സിസ് തലത്തുമായുള്ള വ്യത്യാസം വ്യക്തമാണ്
- ഗ്രാമീണതയുടെ അലിവും നിഷ്കളങ്കതയും നൈർമല്യവും.
- താഴത്ത് ,എന്ന വാക്ക് തന്നെ അവരുടെ സ്വഭാവ ഗുണത്തെയും ജീവിതനിലവാരത്തെയും സൂചിപ്പിക്കുന്നു.
- പേരിനൊപ്പമുള്ള അമ്മ എന്ന കൂട്ടിച്ചേർക്കൽ മാതൃത്വത്തിന് തെളിവായി മാറുന്നു .
- വിശ്വത്തോളം വളരുന്ന മാതൃത്വത്തിന്റെ രൂപമാണ് താഴത്ത് കുഞ്ഞുകുട്ടിയമ്മയിലൂടെ കഥാകാരി ചിത്രീകരിക്കുന്നത്.

# പ്രക്രിയാബന്ധിതപ്രവർത്തനങ്ങൾ

**23.** സൂചനകളിൽ നിന്ന് അനുയോജ്യമായവ തെരഞ്ഞെടുത്ത് പട്ടിക ക്രമപ്പെടുത്തുക

- കൃശമായ ശരീരം
- ചടുലമായ അംഗവിക്ഷേപങ്ങൾ
- തപസ്വിനിയുടെ വേഷം
- ഭാരതീയസ്ത്രീത്വത്തിന്റെ അംബാസഡർ
- തനിച്ചു പാകംചെയ്ത നിവേദ്യത്തിന്റെ അപ്പവും മലരും
- ഭാവത്തിലും നടപ്പിലും മഹാറാണിയുടെ അന്തസ്സ്
- യജമാനത്തിയുടെ അകൽച്ച
- അമ്മയെപ്പോലെ അടുത്തിരുന്ന് സൽക്കരിക്കുന്നു *സ്വീകരണ മുറിയിലും ക്ലബ്ബിലും നാടകശാലയിലും പറന്നു നടന്നു
- ഭർത്താവിന് വേണ്ടി ചിട്ടപ്പെടുത്തിയ ജീവിതം
- സ്ത്രീയുടെ വിശ്വരൂപം

# കേരളപാഠാവലി

## അനുഭൂതികൾ ആവിഷ്കാരങ്ങൾ

# പ്രിയദർശനം



# 5 പ്രിയദർശനം

.കുമാരനാശാൻ

## അവസ്ഥാപഠനം

1. നളിനി, ദിവാകരൻ എന്നീ കഥാപാത്രങ്ങളിൽ നിങ്ങൾ ഏറെ ഇഷ്ടപ്പെടുന്നത് ആരെ ? അവരുടെ എന്ത് പ്രത്യേകതയാണ് നിങ്ങളെ ആകർഷിച്ചത് ?

2. ഈ കവിതയിലെ നിങ്ങളുടെ മനസ്സിൽ പതിഞ്ഞ ആശയം അഥവാ ഒരുചിത്രം ഏത് ?

3. മഹാകാവ്യമെഴുതാതെ മഹാകവി പട്ടം കിട്ടിയ കവി
   - കുമാരനാശാൻ

4. പ്രിയദർശനം എന്ന കാവ്യഭാഗം ഏത് ഖണ്ഡകാവ്യത്തിൽ നിന്നെടുത്തത്
   - നളിനി

5. നളിനിക്ക് ആരോടായിരുന്നു പ്രണയം
   - ദിവാകരനോട്

6. ദിവാകരൻ എവിടെയാണ് സന്യാസിയായി കഴിഞ്ഞിരുന്നത്
   - ഹിമാലയത്തിൽ

# പാഠവിശകലന പ്രവർത്തനങ്ങൾ

## 1 മാർക്ക് ചോദ്യങ്ങൾ

7. "കഷ്ടകാലമഖിലം കഴിഞ്ഞു ഹാ "
അടിവരയിട്ട പദം സൂചിപ്പിക്കുന്നത് ?

- ദിവാകരനെ കണ്ടപ്പോൾ നളിനിക്ക് ഉണ്ടായ ആശ്വാസം

8. എന്തുകൊണ്ടാവാം നളിനിയെ ദിവാകരൻ തിരിച്ചറിയാതെ പോയത്?

- നളിനിയുടെ രൂപമാറ്റം,
- കാല ദൈർഘ്യം,
- ഹിമാലയസാനുക്കളിൽ നളിനിയെ പ്രതീക്ഷിച്ചില്ല,
- സന്യാസികൾ പഴയകാല ജീവിതത്തെക്കുറിച്ച് ചിന്തിക്കൻ ഇടയില്ല.

## 2 മാർക്ക് ചോദ്യങ്ങൾ

9. "ഭവാനു പണ്ടിഷ്ടയാം നളിനി ഞാൻ" എന്നു പറയുവാൻ കാരണം?

- അവർ ചെറുപ്പത്തിൽ പാഠശാലയിൽ പഠിച്ചിരുന്നപ്പോൾ സുഹൃത്തുക്കളായിരുന്നു. നളിനി ദിവാകരനെ ഏറെ സ്നേഹിച്ചിരുന്നു.

10. "കഷ്ടകാലമഖിലം കഴിഞ്ഞു" എന്നു പറയുവാൻ കാരണം ?(2)

- ദിവാകരനെ ഏറെ പ്രതീക്ഷിച്ച് കഴിഞ്ഞ നളിനിക്ക് അദ്ദേഹത്തെ കണ്ടപ്പോൾ തന്റെ സർവ കഷ്ടകാലവും കഴിഞ്ഞതായി തോന്നി.

11. പ്രിയദർശനം എന്ന തലക്കെട്ടിന്റെ ഔചിത്യം ചർച്ച ചെയ്യുക.

- പ്രിയപ്പെട്ടവർ പരസ്പരം ദർശിക്കുന്നു അഥവാ കണ്ടുമുട്ടുന്നു.

## 4 മാർക്ക് ചോദ്യങ്ങൾ

12. "ഭാവശാലികൾ പിരിഞ്ഞുകൂടിയാലീവിധം വികലമാം സുഖോദയം." എന്നു പറയുവാനുള്ള കാരണം പരിശോധിക്കുക.

**സൂചകങ്ങൾ:**

- സ്നേഹബദ്ധരായിരുന്നവർ വേർപെട്ട് കുറെക്കാലത്തിനു ശേഷം അപ്രതീക്ഷിതമായി കണ്ടുമുട്ടുമ്പോൾ ഉണ്ടാകുന്ന സന്തോഷം അഥവാ സുഖം വികലമായിരിക്കും.
- അതിനാലാണ് നളിനി കണ്ണുനീർ തൂവിയും മൊഴി കുഴങ്ങിയും നിന്നത്.

**13.** "സമാഗമങ്ങൾ ആനന്ദക്കണ്ണീരിന്റേതു കൂടിയാണ്."
നളിനി - ദിവാകര, ശകുന്തള - ദുഷ്ഷന്ത സമാഗമങ്ങളുടെ പശ്ചാത്തലത്തിൽ ഈ പ്രസ്താവന പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

**സൂചകങ്ങൾ:**

- രണ്ടു സമാഗമങ്ങളുടെയും കഥകൾ രണ്ടു ഖണ്ഡികകളിൽ ചുരുക്കി എഴുതുക.
- അടുത്ത ഖണ്ഡികയിൽ സമാഗമങ്ങളിൽ ആനന്ദക്കണ്ണീർ സ്വാഭാവികമെന്ന് സമർത്ഥിക്കുക.

**14.** 'കേണുവാണിവിടെ, യേകുമർത്ഥിയാം
<u>പ്രാണിതൻ</u> പ്രിയമൊരിക്കലീശ്വരൻ' ആശയം വിശദമാക്കുക.
<u>അ</u>ടിവരയിട്ട പദം സൂചിപ്പിക്കുന്നത് എന്ത്?

**സൂചകങ്ങൾ:**

- ആഗ്രഹം തീവ്രമാകുമ്പോൾ ഈശ്വരൻ അത് സാധിച്ചു കൊടുക്കുന്നു.
- ഇവിടെ നളിനിക്ക് ദിവാകരനെ ഈശ്വരൻ കാണിച്ചു നൽകി എന്നർത്ഥം.
- പ്രാണി എന്നാൽ പ്രാണൻ ഉള്ളത് എന്നർത്ഥം.നിസാര ജീവികളെ സൂചിപ്പിക്കുന്ന പദമാണ് പ്രാണി.

- ഇവിടെ നളിനിയുടെ നിസാരത സൂചിപ്പിക്കുന്നു.

**15.** "ഹേതു കേൾക്കുവതൊരർഥമേതിനോ നീ തുനിഞ്ഞു - നിജകർമ്മ നീതരായേതുമാർഗമിയലാ ശരീരികൾ"- ഈ വാക്കിന്റെ പൊരുൾ എഴുതുക.

**സൂചകങ്ങൾ:**

- ഓരോരുത്തരും അവരവരുടെ കർമ്മങ്ങളാൽ നയിക്കപ്പെട്ട് ലക്ഷ്യത്തിൽ എത്തിച്ചേരുന്നു.
- നളിനിയും ദിവാകരനും യാദൃശ്ചികമായി ഹിമാലയ സാനുക്കളിൽ വച്ച് കണ്ടുമുട്ടിയതും അങ്ങനെതന്നെ എന്ന് സാരം.

**16.** "അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ"
-കുമാരനാശാൻ
"അവനവനാത്മസുഖത്തിനാചരിക്കുന്നവയപരന്ന് സുഖത്തിനായി വരേണം" -ശ്രീ നാരായണ ഗുരു
താരതമ്യക്കുറിപ്പ് എഴുതുക.

**സൂചകങ്ങൾ:**

- മറ്റുള്ളവർക്ക് ഉപകാരം ചെയ്താണ് സ്വന്തം ജീവിതം ധന്യമാക്കേണ്ടത്. ഉദാ: വെള്ളപ്പൊക്കത്തിന്റെ നാളുകളിൽ മലയാളികൾ പരസ്പരം ഉപകാരം ചെയ്തത്.

- അവനവന് സുഖത്തിനായി ചെയ്യുന്ന കാര്യങ്ങൾ അന്യർക്കു കൂടി സുഖകരമായിരിക്കണം.

**17.** ആശാന്റെ ജീവിതവീക്ഷണം കാവ്യഭാഗത്തു നിന്ന് കണ്ടെത്തി എഴുതുക.

**സൂചകങ്ങൾ:**

- മറ്റുള്ളവർക്ക് ഉപകാരം ചെയ്താണ് സ്വന്തം ജീവിതം ധന്യമാക്കേണ്ടത്.

- ആഗ്രഹം തീവ്രമാകുമ്പോൾ ഈശ്വരൻ അത് സാധിച്ചു കൊടുക്കുന്നു.

- ഓരോരുത്തരും അവരവരുടെ കർമ്മങ്ങളാൽ നയിക്കപ്പെട്ട് ലക്ഷ്യത്തിൽ എത്തിച്ചേരുന്നു
- ചപല പ്രേമത്തിന്റെ ഉടമയായ നളിനിയിൽ നിന്ന് ലോകത്തെ മുഴുവൻ സ്നേഹിക്കുന്ന,ദിവാകരൻ എന്ന കഥാപാത്രത്തിലേക്ക് നമ്മൾ ഉയരണം എന്ന ചിന്ത കാവ്യത്തിലൂടെ പങ്കുവയ്ക്കുന്നു.

**18.** "ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പപരിപാടലം മുഖം;
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർ സുമോപമം, "
ചമത്കാരഭംഗി (കാവ്യഭംഗി) കുറിക്കുക.

**സൂചകങ്ങൾ:**

- ദിവാകരനെ കണ്ട സന്തോഷത്താൽ കരഞ്ഞു തുടുത്ത നളിനിയുടെ മുഖം മഞ്ഞു കണികകൾ പതിഞ്ഞ പുലരിയിലെ പനിനീർ പൂവ് പോലെ എന്ന് കവി പറയുന്നു.
- പനിനീർ പൂവ് =ചുവന്ന മുഖം.
- കണ്ണുനീർ = മഞ്ഞുകണം

**19.** നളിനിയുടെയും ദിവാകരന്റെയും മാനസികാവസ്ഥകളെ കുറിച്ച് ചർച്ച ചെയ്യുക.

# പ്രക്രിയാബന്ധിത പ്രവർത്തനങ്ങൾ

**20.** കുമാരനാശാന്റെ കൃതികൾ പട്ടികപ്പെടുത്തുക.

**21.** ആദ്യ നാലു ശ്ലോകങ്ങളുടെ രണ്ടാമത്തെ അക്ഷരങ്ങൾ പട്ടികപ്പെടുത്തുക.

**22.** നളിനിയെ അഭിസംബോധന ചെയ്യാനായി ദിവാകരൻ ഉപയോഗിക്കുന്ന പദങ്ങൾ കണ്ടെത്തി എഴുതുക.

- സഖി, വത്സലേ, ശുഭേ

**23.** ദിവാകരനെ വിളിക്കുവാൻ നളിനി ഉപയോഗിക്കുന്ന വാക്കുകൾ കണ്ടെത്തി എഴുതുക

- ഭവാൻ, മഹാമതേ

**24.** "ചാരു ശൈശവ കഥയ്ക്കു തന്നെ ചേർന്നോരു <u>വാക്കരുളിനാൻ</u> കനിഞ്ഞവൻ" - അടിവരയിട്ട പദംകൊണ്ട് ദിവാകരന്റെ എന്തു പ്രത്യേകതയാവാം കവി ഉദ്ദേശിക്കുന്നത് ?

- നളിനിയെ അപേക്ഷിച്ച് സന്യാസിയായ ദിവാകരന്റെ ഔന്നത്യത്തെ കുറിക്കുവാൻ ആണ് അരുളി എന്ന പദം ഉപയോഗിച്ചിരിക്കുന്നത്.

**25**. കവിതയിലെ കഥാപാത്രങ്ങളുടെ സംഭാഷണം നാടകരൂപത്തിൽ എഴുതുക

# കേരളപാഠാവലി

## അനുഭൂതികൾ ആവിഷ്കാരങ്ങൾ

## കടൽത്തീരത്ത് - ഒ.വി. വിജയൻ

## (ചെറുകഥ)



# 6

# കടൽത്തീരത്ത് - ഒ.വി. വിജയൻ (ചെറുകഥ)

# അവസ്ഥാപഠനം

1. മലയാള നോവൽ സാഹിത്യത്തിൽ , 'ഇതിഹാസത്തിന്റെ ഇതിഹാസം' എന്ന് വിശേഷിപ്പിക്കാവുന്ന 'ഖസാക്കിന്റെ ഇതിഹാസം' രചിച്ചത് ആര് ?
   - ഒ വി വിജയൻ
2. ഒ.വി. വിജയന്റെ കഥകളിൽ ഏറ്റവും മികച്ചത്, ഏറ്റവുമധി കം ചർച്ച ചെയ്തത് എന്നൊക്കെ വിശേഷിപ്പിക്കാവുന്ന കഥ ഏത് ?
   - കടൽത്തീരത്ത്
3. കടൽത്തീരത്ത് എന്ന കഥയിലെ കേന്ദ്രകഥാപാത്രം ആര് ?
   - വെള്ളായിയപ്പൻ
4. വെള്ളായിയപ്പന്റെ മകന്റെ പേര് എന്തായിരുന്നു ?
   - കണ്ടുണ്ണി
5. "ദയിവങ്ങളെ തമ്പിരാക്കന്മാരെ " ആരാണ് പ്രാർത്ഥനാനിർഭരമായ ഈ വിളി നടത്തുന്നത് ?
   - വെള്ളായിയപ്പൻ
6. 'വെള്ളായിയപ്പൻ ഒടുവിൽ ഒരു പെട്ടിയിൽ കയറിക്കൂടി, സൂചിതം എന്ത് ?
   - ട്രെയിനിൽ കയറിയത്
7. വെള്ളായിയപ്പന്റെ കൈത്തടങ്ങളിൽ നനഞ്ഞുകുതിർന്നത് എന്ത്?

- പൊതിച്ചോറ്

# ചർച്ച

**8.** വെള്ളായിയപ്പന്റെ അനുഭവങ്ങൾ പറയുക.

(ഓരോ കുട്ടിയും ഓരോ അനുഭവങ്ങൾ വീതം പങ്കു വെയ്ക്കുന്നു.)

- വെള്ളായിയപ്പന്റെ കണ്ണൂരിലേക്കുള്ള യാത്ര; പാഴുതറയിലുള്ളവരുടെ ദുഃഖം,, കൂട്ടനിലവിളി.

- നെടുവരമ്പു വിട്ട് വെള്ളായിയപ്പൻ പറമ്പിലേയ്ക്ക് കയറി.പനമ്പട്ടകളിൽ കാറ്റിരമ്പുന്നത്, ഊട്ടുദൈവങ്ങളും കാരണവന്മാരും സംസാരിക്കുന്നതുപോലെ.

- കോടച്ചി കണ്ണീരുവീഴ്ത്തി തുവർത്തിൽ കെട്ടിയ പൊതിച്ചോറിന്റെ നനവ് കുതിർന്നു പിടിക്കുന്നു.

- എതിരെവന്ന കുട്ട്യസ്സൻമാപ്പിള

  "വെള്ളായിയേ "

  "മരയ്ക്കാരേ"........ രണ്ടു വാക്കുകൾ മാത്രം. ആ വാക്കുകളിൽ സമ്പന്നങ്ങളായ സംഭാഷണപരമ്പരകൾ

  "മരയ്ക്കാരേ, ഞാൻ നിങ്ങൾക്ക് പതിനഞ്ചുറുപ്പികയും നാലണയും കടം വീട്ടാനുണ്ട്."

  "എനിക്കത് വീട്ടാൻ കഴിഞ്ഞെന്നുവരില്ല. വീട്ടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്" (വെള്ളായിയപ്പന് തിരിച്ചുവരാൻ കഴിയില്ലെന്ന സൂചന)

- വഴിയിൽ പിന്നെയും ഒരഭിമുഖം, നീലി മണ്ണാത്തി:

  "വെള്ളായിച്ചോ"

  "നീലിയേ"

രണ്ടു വാക്കുകൾ മാത്രം, രണ്ടു വാക്കുകൾക്കിടയ്ക്ക് സാന്ത്വന ത്തിന്റെ നിറവ്.

- പുഴ കടന്നപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി. - അപ്പന്റെ ശവത്തെ കുളിപ്പിച്ചത്, മകനെ അവന്റെ കുട്ടിക്കാലത്ത് കുളത്തിൽ കുളിപ്പിച്ചത്. വെള്ളായിയപ്പൻ കരഞ്ഞു.

- റെയിൽവേ സ്റ്റേഷനിൽ ടിക്കറ്റെടുത്ത് വണ്ടിയ്ക്കായി വെള്ളായിയപ്പൻ കാത്തിരുന്നു. മുണ്ടകപ്പാടത്തിന്റെ വരമ്പത്ത് തന്റെ ചെറുവിരലിൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അത്ഭുതപ്പെട്ട മകനെ വെള്ളായിയപ്പൻ ഓർത്തു. രണ്ടു ചിത്രങ്ങൾ, അവയ്ക്കിടയിൽ, രണ്ടു പേരുകൾക്കിടയിലെന്നപോലെ, രണ്ടു വാക്കുകൾക്കിടയിലെന്ന പോലെ എന്തിന്റെയൊക്കെയോ നിറവ്.

- അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റി മുറുകി.

- രാത്രിയിലുള്ള തീവണ്ടി യാത്ര. മങ്ങിയ ചിത്രങ്ങൾ പതിച്ച ചുവരുകളുള്ള ഒരു തുരങ്കത്തിലൂടെ തീവണ്ടി പായുന്നു.

- കണ്ണൂരെത്തിയപ്പോൾ തീവണ്ടി ആപ്പീസിന്റെ മുറ്റത്തുനിന്ന കുതിരവണ്ടിക്കാർ വെള്ളായിയപ്പനോട് വണ്ടി വേണോ എന്ന് ചോദിച്ചില്ല. ജയിലിലേയ്ക്കുള്ള വഴി ചോദിച്ചപ്പോൾ, "കാരണവരേ, കട്ടാൽ മതി, ജയിലിലെത്തിച്ചേരാം." ......എന്ന പരി ഹാസം.

- ജയിലിലെ പാറാവുകാരൻ വെള്ളായിയപ്പൻ കൊടുത്ത കടലാസ്സിലേയ്ക്ക് നോക്കിയില്ല. പിന്നീട് നോക്കിയപ്പോൾ അയാളുടെ മുഖം കനിവുറ്റതായി.

- നേരം വെളുത്തു.പാറാവുകാരൻ തടവറയുടെ ഉള്ളിലേക്ക് വെള്ളായിയപ്പനെ കൂട്ടിക്കൊണ്ടു പോയി. അച്ഛനും മകനും തെല്ലിട നേരം നിന്നു. വെള്ളായിയപ്പൻ മകനെ കെട്ടിപ്പിടിച്ചു. വെള്ളായിയപ്പൻ കരഞ്ഞു വിളിച്ചു. "മകനേ". കണ്ടുണ്ണി മറുവിളി വിളിച്ചു, "അപ്പാ". രണ്ടു വാക്കുകൾ മാത്രം. രണ്ടു

വാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ മൗനത്തിൽ അച്ഛനും മകനും അറിവുകൾ കൈമാറി.
ഈ ചെറുകഥയിൽ മൗനത്തിന്റെ ഭാവാത്മകത സാന്ദ്രമാകുന്ന സന്ദർഭമാണിത്.

- പുലർച്ചയ്ക്കുമുമ്പ് കൊമ്പുവിളികൾ മുഴങ്ങുന്നത് വധശിക്ഷയുടെ ചടങ്ങാണെന്ന് വെള്ളായിയപ്പൻ അറിഞ്ഞില്ല. ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ ഏറ്റുവാങ്ങി.

"'ശവത്തിന്റെ ചുമതല നിങ്ങൾ ഏൽക്കുന്നില്ലേ?"

""യജമാനന്മാരെ, എന്റെ കൈയിൽ പണമില്ല."

വെള്ളായിയപ്പൻ കടപ്പുറത്തെത്തി. കോടച്ചി കെട്ടിത്തന്ന പൊതിച്ചോറ് അഴിച്ച് അന്നം നിലത്തേയ്ക്ക് എറിഞ്ഞു. വെയിലിന്റെ മുകൾത്തട്ടിലെവിടെനിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങി വന്നു.

വഴിച്ചോറ് ബലിച്ചോറായി പരിണമിക്കുന്നു.

(കഥയുടെ സാരാംശം കുട്ടിയിലേക്കെത്തിക്കാൻ ഈ പ്രവർത്തനം സഹായകമാകും)

# പാഠവിശകലന പവർത്തനങ്ങൾ

## 4 മാർക്ക് ചോദ്യങ്ങൾ

9. വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽനിന്ന് കൂട്ടനിലവിളി ഉയർന്നു. കൂട്ടനിലവിളിക്ക് പ്രേരകമായത് എന്തെല്ലാമായിരിക്കാം? ചർച്ച ചെയ്യുക.

**സൂചകങ്ങൾ:**

- കണ്ടുണ്ണിയെ വധശിക്ഷയ്ക്ക് വിധിച്ചു എന്നറിഞ്ഞ് വെള്ളായിയപ്പൻ മകനെ കാണാൻ പോവുകയാണ്.
- പാഴുതറയിലുള്ള എല്ലാവരും ദുഖിച്ചു.
- കണ്ടുണ്ണിയോടുള്ള സ്നേഹം
- ദാരിദ്ര്യം, നിസ്സഹായത എന്നിവയും ദുഃഖത്തിന് കാരണമാണ്.

**10.** വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെ ദുഃഖമാക്കി കഥാകൃത്ത് അവതരിപ്പിച്ചത് എങ്ങനെയെല്ലാം?

**സൂചകങ്ങൾ:**

- വീട്ടിൽനിന്ന് നിലവിളി ഉയർന്നു.
- പാഴുതറ മുഴുവൻ ദുഃഖത്തിലായി.
- പണമുണ്ടായിരുന്നെങ്കിൽ പാഴുതറയിലുള്ളവർ മുഴുവനും കണ്ണൂരിലേയ്ക്ക് പോകുമായിരുന്നു.
- കരിമ്പനകളിൽ കാറ്റിരമ്പുന്നത് ഊട്ടുദൈവങ്ങളുടെയും കാരണ വന്മാരുടെയും സങ്കടം പറച്ചിലുകളായി വെള്ളായിയപ്പനു തോന്നി.
- കുട്ട്യസ്സൻ മാപ്പിളയും നീലി മണ്ണാത്തിയും വെള്ളായിയപ്പനെ സാന്ത്വനത്തോടെ വിളിക്കുന്നു.

**11.** രണ്ടു വാക്കുകൾ മാത്രം, രണ്ടു വാക്കുകൾക്കിടയ്ക്ക് സാന്ത്വ നത്തിന്റെ നിറവ്, ഇത്തരത്തിൽ അർത്ഥപൂർണ്ണങ്ങളായ മൗന ങ്ങളാണ് കഥയെ പൂരിപ്പിക്കുന്നത്. ചർച്ചചെയ്യുക.

**സൂചകങ്ങൾ:**

- കുട്ട്യസ്സൻ മാപ്പിളയെ കാണുന്നത്.
- നീലി മണ്ണാത്തിയെ കാണുന്നത്.
- മകനെ ജയിലിൽ കാണുന്നത്.
- പൂർണതയിലെത്താത്ത സംഭാഷണങ്ങളുടെ പൂർത്തീകരണം ഇവിടെ മൗനത്തിലൂടെ സാധ്യമാകുന്നു.
- കഥയിൽ സംഭാഷണങ്ങളേക്കാൾ പ്രാധാന്യം മൗനത്തിന് കൈവന്നിരിക്കുന്നു.

**12.** മനുഷ്യസ്നേഹം വാക്കുകൾക്ക് അപ്പുറമാണ്. പൊതിച്ചോറിന് കഥയിൽ സവിശേഷമായ സ്ഥാനമാണുള്ളത്.
കഥ വിശകലനം ചെയ്ത് ഈ പ്രസ്താവനയോട്പ്രതികരിക്കുക.

**സൂചകങ്ങൾ:**

- കോടച്ചിയുടെ സ്നേഹം,

- ദാരിദ്ര്യം
- വെള്ളായിയപ്പന് കഴിക്കാൻ പറ്റാതെ വരിക
- മകന്റെ അവസ്ഥയിലുള്ള വെള്ളായിയപ്പന്റെ മാനസിക സംഘർഷം.
- പൊതിച്ചോറ് ബലിച്ചോറായി പരിണമിക്കുന്നു.

**13.** കടൽത്തീരത്ത് എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.(6)

**സൂചകങ്ങൾ:**

- ആശയം വിശദമാക്കണം
- എഴുത്തുകാരനെക്കുറിച്ച്
- കഥയുടെ രത്നചുരുക്കം
- അച്ഛന്റെ നിസഹായാവസ്ഥ
- ഗ്രാമത്തിന്റെ സ്നേഹം
- ദാരിദ്ര്യത്തിന്റെ തേങ്ങലുകൾ
- സവിശേഷ പ്രയോഗങ്ങൾ കണ്ടെത്തണം

**14.** "കടൽതീരത്ത്" എന്ന കഥയുടെ ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

**സൂചകങ്ങൾ:**

- കടൽ അനന്തവും വിശാലവും സങ്കീർണ്ണവുമാണ്; മനുഷ്യബന്ധങ്ങളും
- അവസാനം എല്ലാവരും തീരത്തണയും
- കടൽത്തീരം എല്ലാവരെയും ഒരുപോലെ ഏറ്റുവാങ്ങും.
- വഴിച്ചോറ് കടൽത്തീരത്ത് ബലിച്ചോറായി പരിണമിക്കുന്നു.

**15.** ഒരു കുട്ടിയുടെ നിസ്സഹായതയോടെ അയാൾ പാറാവുകാരന്റെ മുമ്പിൽനിന്നു .എന്നിട്ട് പതുക്കെ മുണ്ടിന്റെ കോന്തല അഴിച്ചു. മഞ്ഞനിറത്തിലുള്ള കടലാസ് പുറത്തെടുത്തു. കടലാസ്ചുരുണ്ട് അലങ്കോലമായിരുന്നു.
ഈ ഭാഗത്ത് വെളിപ്പെടുന്ന വെള്ളായിയപ്പൻ എന്ന കഥാപാത്രത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം

**സൂചകങ്ങൾ:**

- എന്തുചെയ്യണമെന്നറിയാതെ നിൽക്കുന്ന കുട്ടിയെപ്പോലെ
- പണം ഉൾപ്പെടെ പ്രധാന സാധനങ്ങളെല്ലാം മുണ്ടിന്റെ കോന്തലയിൽ സൂക്ഷിക്കുന്ന തനി നാട്ടിൻപുറത്തുകാരൻ

- സർക്കാരിൽ നിന്ന് കിട്ടുന്ന പേപ്പറുകൾ എങ്ങനെസസൂക്ഷിക്കണം എന്നറിയാത്ത നിരക്ഷരനായ ഗ്രാമീണൻ

**6 മാർക്ക് ചോദ്യം**

**16.** വെള്ളായിയപ്പൻ എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

**സൂചകങ്ങൾ:**

- ഗ്രാമീണ കർഷകൻ, നിരക്ഷരൻ, നിഷ്കളങ്കൻ
- നിസ്സഹായനും സ്നേഹനിധിയുമായ പിതാവ്,.
- പാഴുതറയുമായി ആത്മബന്ധം, സാമൂഹിക ബന്ധം കാത്തുസൂക്ഷിക്കുന്നയാൾ

# പ്രക്രിയാബന്ധിത പ്രവർത്തനങ്ങൾ

**17.** കഥയിലെ കഥാപാത്രങ്ങളെ പട്ടികപ്പെടുത്തുക

**18.** കഥയിലെ കാവ്യാത്മകമായ ഭാഗങ്ങൾ കണ്ടെത്തുക.(4)

## ചർച്ച

(അവസ്ഥാപഠനത്തിൽ നൽകിയിരിക്കുന്ന ചർച്ചയിൽ നിന്ന് സൂചനകൾ കണ്ടെത്താം)

# അടിസ്ഥാന പാഠാവലി
# യൂണിറ്റ് - 1
# ജീവിതം പടർത്തുന്ന വേരുകൾ

## പ്ലാവിലക്കഞ്ഞി



# പാഠം - 1 പ്ലാവിലക്കഞ്ഞി

## അവസ്ഥാപഠനം

1. പ്ലാവിലക്കഞ്ഞി എന്ന പാഠഭാഗം ഏത് സാഹിത്യ വിഭാഗത്തിൽ ഉൾപ്പെടുന്നു?

- നോവൽ

2. പ്ലാവിലക്കഞ്ഞി എന്ന പാഠഭാഗം ആരുടെ ഏത് നോവലിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

- തകഴി ശിവശങ്കരപ്പിള്ള
- രണ്ടിടങ്ങഴി

3. രണ്ടിടങ്ങഴി എന്ന നോവലിന്റെ പശ്ചാത്തലമായി വരുന്ന നാട് ഏതാണ്?

- കുട്ടനാട്

4. പ്ലാവിലക്കഞ്ഞി എന്ന പാഠഭാഗത്തെ പ്രധാന കഥാപാത്രങ്ങൾ ആരൊക്കെയാണ് ?

- ചിരുത
- കോരൻ
- കോരന്റെ അച്ഛൻ
- പുഷ്പവേലിൽ ഔസേപ്പ്

5. ആരുടെ പാടത്താണ് കോരൻ പണിയെടുക്കുന്നത്?

- പുഷ്പവേലിൽ ഔസേപ്പിന്റെ പാടത്ത്

6. അക്കാലത്ത് പണത്തിനു പകരം എന്താണ് കൂലിയായി നൽകിയിരുന്നത്?

- നെല്ല്

7. എന്നാൽ പുഷ്പ വേലിൽ ഔസേപ്പ് എന്തായിരുന്നു കൂലിയായി നൽകിയിരുന്നത്?

- തുച്ഛമായ പണം

**8.** നെല്ല് കൂലിയായി കൊടുക്കാതിരുന്നത് എന്തുകൊണ്ടാണ്?

- നെല്ല് മറിച്ചുവിറ്റ് കൂടുതൽ പണം നേടാൻ

**9.** കോരന്റെ ഏറ്റവും വലിയ ആഗ്രഹം എന്തായിരുന്നു?

- അച്ഛന് ഒരു നേരം വയറുനിറയെ ആഹാരം നൽകുക എന്നതായിരുന്നു

# പാഠവിശകലന ചോദ്യങ്ങൾ

**(ഒരു മാർക്കിന്റെ ചോദ്യങ്ങൾ)**

( തന്നിരിക്കുന്ന ഉത്തരങ്ങളിൽ നിന്നും അനുയോജ്യമായത് കണ്ടെത്തുക )

**10.** അന്നു പാതിരാവരെ കോരൻ ആ ചക്രവും മടിയിലിട്ട് അരി അന്വേഷിച്ച് ഊന്നി നടന്നു.

ഊന്നിനടന്നു എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

എ. വള്ളം ഊന്നുക
ബി. അലഞ്ഞു നടക്കുക
സി. വടിയൂന്നി നടക്കുക

**11.** എന്തുകൊണ്ടാണ് രാത്രിയിൽ നടക്കുന്ന വ്യാപാരം കോരൻ പരസ്യപ്പെടുത്താതെ ഇരുന്നത്?

എ. കോരൻ ഒറ്റപ്പെടുമെന്ന വിചാരത്താൽ

ബി. അങ്ങനെ ചെയ്യുന്നത് പുഷ്പവേലിൽ ഔസേപ്പിന് ഇഷ്ട പ്പെടില്ല എന്ന ചിന്ത കൊണ്ട്

സി. പുഷ്പവേലിൽ ഔസേപ്പിനെ പേടിയുള്ളത് കൊണ്ട്

**12.** പ്ലാവിലക്കഞ്ഞി എന്നതുകൊണ്ട് പാഠഭാഗത്ത് അർത്ഥമാക്കുന്ന തെന്ത്?

എ. പ്ലാവില കൊണ്ട് കുടിക്കുന്ന കഞ്ഞി

ബി. പ്ലാവിലയിൽ കൊള്ളുന്ന കഞ്ഞി

സി. പ്ലാവില കൊണ്ടുള്ള കഞ്ഞി

(പ്ലാവിലക്കുമ്പിൾ പരാമർശിക്കുന്ന കഥാഭാഗങ്ങളോ കവിതാശകലങ്ങളോ പരിചയപ്പെടുത്താം. ഉദാ: ഒ.എൻ.വി.യുടെ 'ഉപ്പ്' എന്ന കവിതയിലെ "പ്ലാവില കോട്ടിയ കുമ്പിളിൽ" എന്നു തുടങ്ങുന്ന വരികൾ. പ്ലാവിലക്കുമ്പിളിലെ കഞ്ഞി എത്ര കുറവാണെന്നും അവരുടെ ദാരിദ്ര്യം എത്ര വലുതായിരുന്നുവെന്നും കുട്ടികൾ തിരിച്ചറിയട്ടെ.)

**13.** പിറ്റേന്ന് കാലത്ത് ആ നാഴി കഞ്ഞിവെള്ളവും നാലു കഷണം കപ്പയും ഒരു വഴക്കിനു കാരണമായി.
എന്തായിരുന്നു കാരണം?

എ. കോരൻ മുഴുവൻ കഴിക്കാതിരുന്നതിനാൽ

ബി. ചിരുത വയർ നിറയെ കഴിക്കാതെ കോരന് വേണ്ടി കുറച്ച് മാറ്റിവച്ചതിനാൽ

സി. ചിരുത മുഴുവൻ കഴിച്ചതിനാൽ

**14.** അത് കണ്ണു തണുപ്പിക്കുന്ന ഒരു കാഴ്ചയായിരുന്നു. ഏത്?

എ. ചിരുത വയറുനിറയെ ഭക്ഷണം കഴിക്കുന്നത്

ബി. അച്ഛൻ വയറുനിറയെ ഭക്ഷണം കഴിക്കുന്നത്

സി. അച്ഛൻ സ്നേഹത്തോടെ ചിരുതയുമായി സംസാരിക്കുന്നത്

**15.** "അവിടെങ്ങും നെല്ല് കണി കാണാനില്ല ഉള്ളോൻ വെളീ കാണിക്കത്തില്ല, രാത്രീല് ഏഴ് രൂപായാ വെല." അച്ഛന്റെ വാക്കുകളിൽ നിറയുന്ന ഭാവം എന്താണ്?

എ. പരിഹാസം
ബി. അമർഷം
സി. അത്ഭുതം

**16.** നിറഞ്ഞ ആരോഗ്യവും ആനയുടെ കരുത്തും ഉണ്ടായിരുന്നു എന്ന സൂചന ആരെക്കുറിച്ചുള്ളതാണ്?

എ). കോരൻ

ബി. പുഷ്പവേലിൽ ഔസേപ്പ്

സി. കോരന്റെ അച്ഛൻ

**17.** തന്റെ അവസാനത്തെ ആഗ്രഹം എന്താണെന്നാണ് അച്ഛൻ പറയുന്നത്?

എ). കോരനെ ഒന്ന് കാണണം

ബി. അരിയിട്ട് തിളപ്പിച്ച കഞ്ഞി കുടിക്കണം

സി. കോരന്റെയും ചിരുതയുടെയും ഒപ്പം ഇനിയുള്ള കാലം താമസിക്കണം

**ഉത്തരങ്ങൾ**

10. എ)

11. എ)

12. ബി

13. ബി

14. സി

15. ബി

16. സി
17. ബി

## രണ്ടു മാർക്കിന്റെ ചോദ്യങ്ങൾ

## (രണ്ട് വാക്യത്തിൽ ഉത്തരമെഴുതുക)

18. "തമ്പ്രാ ,ഏനു നെല്ല് കൂലി മതി .ചക്രം മേണ്ട "

ആരുടെ വാക്കുകളാണ്? എന്തുകൊണ്ടാണ് ഇപ്രകാരം പറയുന്നത്?

- കോരന്റെ വാക്കുകൾ.
- അന്നത്തെ അത്താഴത്തിന് ഒരു മണി നെല്ല് പോലും അവന്റെ വീട്ടിൽ ഇല്ലാത്തതിനാൽ നെല്ല് കൂലി കിട്ടിയേ മതിയാകൂ.

19. നെല്ല് ചോദിച്ചപ്പോൾ പുഷ്പവേലിൽ ഔസേപ്പിന്റെ മറുപടി എന്തായിരുന്നു?

- നെല്ലില്ല.പിശാശുക്കള്! നെല്ല് കൊണ്ടുപോയി വല്ല പീടികയിലും പെട്ട വിലയ്ക്ക് വിൽക്കാനാണ്.

20. രാത്രിയുടെ ഇരുട്ടിൽ നടക്കുന്ന ചില വൻവ്യാപാരങ്ങൾ കോരൻ കണ്ടു . എന്താണ് കോരൻ കണ്ടത്?

- ഒരു വലിയ കൃഷിക്കാരന്റെ വീടിന് മുൻവശം കപ്പൽ പോലുള്ള രണ്ടു വള്ളങ്ങളിൽ കയറ്റി ചാക്കുകൾ ആയി നെല്ലു കൊണ്ടുപോകുന്നത്.

21. രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലോ എന്ന് കോരൻ വിചാരിക്കുന്നു എന്താണ് രാത്രിയിൽ നടക്കുന്ന വ്യാപാരം?

- പണിക്കാർക്ക് തുച്ഛമായ പണം മാത്രം നൽകുകയും നെല്ല് മുഴുവൻ വള്ളങ്ങളിൽ കയറ്റി ചാക്കുകൾ ആയി വിൽക്കാൻ കൊണ്ടുപോവുകയും ചെയ്യുന്നത്.

22. ജീവിതത്തിന് എന്തെന്തു സംഭാവനകൾ ചെയ്ത ഒരു ജീവിതത്തിന്റെ അവസാനാദ്ധ്യായങ്ങളാണ് ഒരു കുറുകുറുപ്പോടെ അവിടെ വലിച്ചു കഴിയുന്നത്!
ആരെ കുറിച്ചാണ് ഈ പരാമർശം?
എന്തായിരുന്നു സംഭാവനകൾ?

**സൂചകങ്ങൾ:**

- കോരന്റെ അച്ഛനെക്കുറിച്ച്.

- ഒരു പാട് പറ നെല്ല് കൊയ്യുകയും വിതയ്ക്കുകയും ചെയ്തു കൊണ്ട് ഒരുപാടാളുകളുടെ വിശപ്പടക്കി
- എട്ട് വയസ്സ് മുതൽ പണിയെടുക്കുന്നു.

23. ആ ദിവസം കോരന്റെ ജീവിതത്തിലെ ഒരു സ്മരണീയ ദിവസമായിരുന്നു. അവന്റെ ഒരു ദിവസത്തെ കൂലിയുടെ കടം അന്ന് അവൻ വീട്ടിക്കഴിഞ്ഞു.
ഏതായിരുന്നു ആ അവിസ്മരണീയ ദിവസം ?

**സൂചകങ്ങൾ:**

- ഇരുനാഴി അരി കഞ്ഞി വെച്ച് കപ്പയും പുഴുങ്ങി അപ്പന് വയറുനിറയെ അത്താഴം നൽകിയ ദിവസം .
- വയറുനിറച്ച് ഭക്ഷണം അച്ഛന് ഒരുനേരമെങ്കിലും കൊടുക്കാൻ കഴിഞ്ഞു എന്നത്.

24. രണ്ടു വാക്യങ്ങളാക്കുക
കൈനകരി മുഴുവൻ രാത്രിയിൽ ഊന്നി നടന്നപ്പോൾ രാത്രിയുടെ ഇരുട്ടിൽ നടക്കുന്ന ചില വൻവ്യാപാരങ്ങൾ കോരൻ കണ്ടു

- കൈനകരി മുഴുവൻ കോരൻ രാത്രിയിൽ ഊന്നി നടന്നു.
- അപ്പോൾ രാത്രിയുടെ ഇരുട്ടിൽ നടക്കുന്ന ചില വൻ വ്യാപാരങ്ങൾ അയാൾ കണ്ടു.

25. "എടീ കള്ളീ? നീയതു ഒളിച്ചുമച്ചിരുന്നോ?"
കോരന്റെ ഈ സംഭാഷണത്തിന് പിന്നിലുള്ള മാനസികാവസ്ഥ എന്തായിരിക്കാം? രണ്ട് സൂചനകൾ എഴുതുക

**സൂചകങ്ങൾ:**

- ചിരുതയോടുള്ള സ്നേഹം
- ചിരുത തന്നെ എത്രമാത്രം പരിഗണിക്കുന്നു എന്ന അറിവ്

26. അർഥവ്യത്യാസം വരാതെ ഒറ്റ വാക്യമായെഴുതുക
അപ്പനും മകനും പരസ്പരം കെട്ടിപ്പിടിച്ചു. ആ കാഴ്ച നോക്കിനിന്നു ചിരുത ആനന്ദിച്ചു

- അപ്പനും മകനും പരസ്പരം കെട്ടിപ്പിടിച്ചു നിൽക്കുന്ന ആ കാഴ്ച നോക്കിനിന്നു ചിരുത ആനന്ദിച്ചു

27. " എന്റെ മോനേ എങ്ങനെ കൊഴുത്തു ചക്കുങ്കുറ്റി പോലിരുന്ന ക്ടാത്തിയാ. ഇപ്പം എല്ലെല്ലാം തെളിഞ്ഞു."
ഈ വാക്യങ്ങളിൽ തെളിയുന്ന കാര്യങ്ങളെന്തെല്ലാം. രണ്ടു സൂചനകൾ എഴുതുക.

**സൂചകങ്ങൾ:**

- വിവാഹത്തിനു മുമ്പ് ചിരുത ആരോഗ്യവും ഓജസ്സുമുള്ള പെൺകുട്ടിയായിരുന്നു.
- കോരന്റെ കൂടെയുള്ള ജീവിതം ദാരിദ്ര്യം നിറഞ്ഞതാണ്.

28. " ഏനു മേണ്ട"
" എന്നാല് എനും കുടിക്കത്തില്ല"
" ഏന് മയറ്റില് ഒരു കമ്പിതമെടീ"

" ഇത് കഞ്ഞി കുടിക്കുന്നെന്ന ബാവമേ ഉള്ളു"
" അല്ലെടീ, ഏൻ കുടിക്കുവാ"
ഈ സംഭാഷണ ഭാഗങ്ങൾ നിങ്ങളുടെ പ്രദേശത്തെ സംസാരഭാഷയിലേയ്ക്കു മാറ്റിയെഴുതുക

- എനിക്കു വേണ്ട.
- എന്നാൽ ഞാനും കുടിക്കത്തില്ല.
- എനിക്ക് വയറ്റിൽ ഒരു കമ്പിതമെടീ.
- ഇത് കഞ്ഞി കുടിക്കുകയാണെന്ന ഭാവമേ ഉള്ളൂ.
- അല്ലെടീ ഞാൻ കുടിക്കുവാ.

## നാലു മാർക്കിന്റെ ചോദ്യങ്ങൾ

29. അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു
കോരന്റെ അപരാധബോധത്തിന് കാരണമെന്തായിരുന്നു? വിശകലനം ചെയ്യുക.

**സൂചകങ്ങൾ:**

- അച്ഛനെ തനിച്ചാക്കി ഭാര്യയുമായി തന്റെ സുഖം തേടി പോന്നത്.

- അച്ഛന്റെ കഷ്ടപ്പാടുകൾ ഓർക്കാതെ ഇരുന്നത്
- അച്ഛന് മറ്റാരും ഇല്ലെന്ന് അറിയാമായിരുന്നിട്ടും അവിടം വിട്ടു പോന്നത്
- താൻ കൂടെ ഉണ്ടായിരുന്നെങ്കിൽ അച്ഛന് ഇത്ര അവശത ഉണ്ടാകുമായിരുന്നില്ല എന്ന് തോന്നിയത് കൊണ്ട്.

30. "അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു"

ആധുനിക തലമുറയ്ക്ക് പലപ്പോഴും ഈ അപരാധബോധം അന്യമാകുന്നുണ്ടോ?
അമ്മത്തൊട്ടിൽ എന്ന കവിതയിലെ മകന്റെ പ്രവൃത്തികളോട് ചേർത്തുവച്ച് വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

**സൂചകങ്ങൾ:**

- കോരന്റെ അപരാധ ബോധത്തിന്റെ കാരണം വിശകലനം ചെയ്തിട്ടുണ്ട്
- അമ്മത്തൊട്ടിലിലെ മകന്റെ ചെയ്തികൾ പരിശോധിച്ചിട്ടുണ്ട്
- അമ്മത്തൊട്ടിലിലെ മകന്റെ പശ്ചാത്താപം തിരിച്ചറിഞ്ഞിട്ടുണ്ട്
- മാതാപിതാക്കളെ സ്നേഹിക്കുകയും സംരക്ഷിക്കുകയും വേണമെന്ന ബോധ്യത്തിലെത്തിച്ചേർന്നിട്ടുണ്ട്.

31. "എന്നുമേണ്ട.
എന്നാൽ എനും കുടിക്കത്തില്ല "
"എനു മയറ്റില്ഒരു കമ്പിത മെടീ, "
അവൾ പറഞ്ഞു , "ഇത് കഞ്ഞി കുടിക്കുന്ന ബാവമേ ഉള്ളൂ"
"അല്ലെടീ, എൻ കുടിക്കുവാ "

ജീവിതത്തിന്റെ പ്രതികൂല സാഹചര്യങ്ങളിലും പരസ്പര സ്നേഹവും സഹകരണവും സൂക്ഷിക്കുന്ന കഥാപാത്രമാണ് **ചിരുത**.
മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് കഥാപാത്രനിരൂപണം തയ്യാറാക്കുക.

**സൂചകങ്ങൾ:**

- ഏത് ജീവിതാവസ്ഥയോടും പൊരുത്തപ്പെടുന്ന സ്വഭാവം

- ദാരിദ്ര്യത്തിലും കോരനെ കുറ്റപ്പെടുത്തുന്നില്ല
- ത്യാഗമനോഭാവം സൂക്ഷിക്കുന്നു
- കോരന്റെ അച്ഛനോടുള്ള സ്നേഹവും പരിഗണനയും.

## ആറ് മാർക്കിന്റെ ചോദ്യങ്ങൾ

32. കൈനകരി മുഴുവൻ രാത്രിയിൽ ഊന്നി നടന്നപ്പോൾ രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന ചില വൻ വ്യാപാരങ്ങൾ കോരൻ കണ്ടു ഒരു വലിയ കൃഷിക്കാരന്റെ വീടിന് മുൻവശം കടവിൽ കപ്പൽ പോലുള്ള രണ്ടു വള്ളങ്ങൾ കിടക്കുന്നു. ആ വലിയ വീട്ടിൽ നിന്ന് ചാക്കുകൾ ആയി നെല്ല് വള്ളത്തിലേക്ക് പോകുന്നുണ്ട്.'

"അവിടെ എങ്ങും നെല്ല് കണികാണാനില്ല. ഒള്ളോൻ വെളീൽ കാണിക്കത്തില്ല .രാത്രിയില് ഏഴ് രൂപായാ വെല"

തന്നിരിക്കുന്ന ഭാഗങ്ങൾ മുൻനിർത്തി പാഠഭാഗത്തെ ആശയങ്ങൾ കൂടി വിശകലനം ചെയ്ത് അന്നത്തെ കുട്ടനാടിന്റെ സാമൂഹ്യ അവസ്ഥകളെ കുറിച്ച് ലഘുഉപന്യാസം തയ്യാറാക്കുക.

### സൂചനകൾ:

- രണ്ടു ഭാഗങ്ങളുടെയും ആശയം വിശകലനം ചെയ്യണം
- കോരന്റെയും ചിരുതയുടെയും ജീവിതാവസ്ഥകളുമായി ബന്ധിപ്പിക്കണം
- പുഷ്പവേലിൽ ഔസേപ്പും മറ്റു ജന്മിമാരും കർഷകരെ ചൂഷണം ചെയ്യുന്നതിനെ കുറിച്ച് സൂചിപ്പിക്കണം
- തൊഴിലാളികൾ സംഘടിക്കാതിരിക്കുന്ന അവസ്ഥ കണ്ടെത്തണം
- ജന്മിമാരെ ഭയപ്പെടുന്ന അവസ്ഥ വിശകലനം ചെയ്യണം
- ഉചിതമായ ഭാഷയും ഘടനയും പാലിച്ചിട്ടുണ്ട്

33. "മൂഴക്കരി ഇട്ടു തെളപ്പിച്ചു. ഏനാ അത് കുടിച്ചത്. അവള് കുടിച്ചില്ല. ഏന് കോരിക്കോരിത്തന്നു."

"അച്ഛൻ ചുമ്മാ പറയുവാ, എനും കുടിച്ചു. "

സ്നേഹബന്ധത്തിന്റെ ഊഷ്മളത നിറയുന്ന ഇത്തരം സംഭാഷണങ്ങൾ പ്ലാവിലക്കഞ്ഞി എന്ന പാഠഭാഗത്തെ ഭാവാർദ്രമാക്കി മാറ്റുന്നു. ദാരിദ്ര്യത്തിനിടയിലും നിറയുന്ന പരസ്പര സ്നേഹമാണ് ഇവിടെ തെളിയുന്നത്.
കുടുംബബന്ധങ്ങളുടെ ഊഷ്മളതയും കെട്ടുറപ്പും നിലനിർത്തുന്നതിന്റെ ആവശ്യകതയെക്കുറിച്ച് സമകാലിക സാഹചര്യ ങ്ങളെ മുൻനിർത്തി **പ്രഭാഷണം** തയ്യാറാക്കുക.

**സൂചകങ്ങൾ:**

- തന്നിരിക്കുന്ന ഭാഗങ്ങൾ വിലയിരുത്തിയിട്ടുണ്ട്.
- സ്നേഹവും ത്യാഗവും നിലനിർത്തേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞിട്ടുണ്ട്
- സ്നേഹബന്ധങ്ങൾ പലപ്പോഴും സ്വാർത്ഥതയ്ക്ക് വഴിമാറുന്ന സമകാലിക സാഹചര്യങ്ങളുമായി താരതമ്യം ചെയ്തിട്ടുണ്ട്
- വ്യക്തിബന്ധങ്ങളുടെ ദൃഢത നഷ്ടമാകുന്ന പുതിയ കാലത്തെ വിമർശനാത്മകമായി വിലയിരുത്തിയിട്ടുണ്ട്
- പ്രഭാഷണത്തിന്റെ ഘടന പാലിച്ചിട്ടുണ്ട്

34. "തമ്പ്രാ എനു നെല്ല് കൂലി മതി ചക്രം മേണ്ട."

"രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്? നെല്ല് കൂലി കിട്ടിയില്ലെങ്കിൽ ജോലിക്ക് പോകാതിരുന്നാലെന്ത്?' കോരൻ ചിന്തിച്ചു.

കുട്ടനാട്ടിലെ കർഷകത്തൊഴിലാളികളുടെ പ്രതിഷേധത്തെ മുൻനിർത്തി സ്കൂൾ ചാനലിനുവേണ്ടി കോരനുമായി ഒരു അഭിമുഖം തയ്യാറാക്കുക

**സൂചകങ്ങൾ:**

- പൂഴ്ത്തിവെയ്പിനെക്കുറിച്ചുള്ള ചോദ്യങ്ങൾ
  - കൂലിയെ കുറിച്ചുള്ള ചോദ്യങ്ങൾ
  - ജീവിതാവസ്ഥയെ കുറിച്ചുള്ള ചോദ്യങ്ങൾ

- ○ പ്രതികരണ നടപടികളെക്കുറിച്ചുള്ള ചോദ്യങ്ങൾ
- സ്വീകരിക്കാൻ പോകുന്ന സമരതന്ത്രങ്ങളെ കുറിച്ചുള്ള ചോദ്യ ങ്ങൾ
- സാമൂഹിക അവസ്ഥകളെ കുറിച്ചുള്ള ചോദ്യങ്ങൾ
- ചാനൽ അവതരണത്തിന് ഉതകുന്ന ഭാഷ

35. കുടുംബ ബന്ധങ്ങളുടെ താളവും താളപ്പിഴകളുമാണ് പ്ലാവിലക്കഞ്ഞി, ഓരോ വിളിയും കാത്ത്, അമ്മത്തൊട്ടിൽ എന്നീ പാഠങ്ങളിലൂടെ വ്യക്തമാകുന്നത്. പാഠഭാഗങ്ങൾ വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക

**സൂചകങ്ങൾ:**

- മൂന്നു പാഠങ്ങളുടെയും ആശയം സൂചിപ്പിച്ചിട്ടുണ്ട്
- താരതമ്യം ചെയ്തിട്ടുണ്ട്.
- വർത്തമാനകാല അവസ്ഥകളുമായി ബന്ധിപ്പിച്ചിട്ടുണ്ട്
- സ്വാഭിപ്രായത്തെ മുൻനിർത്തി അവലോകനം ചെയ്തിട്ടുണ്ട്
- ഉചിതമായ ഭാഷയിലും ഘടനയിലും അവതരിപ്പിച്ചിട്ടുണ്ട്.

# പ്രക്രിയാബന്ധിതപ്രവർത്തനങ്ങൾ

36. കഥാപാത്ര നിരൂപണം

താഴെ തന്നിരിക്കുന്ന സൂചനകളിൽ നിന്നും കോരന്റെയും അച്ഛന്റെയും സവിശേഷതകൾ പട്ടികപ്പെടുത്തുക

**സൂചകങ്ങൾ:**

- നന്നായി പണിയെടുക്കുന്ന കൃഷിക്കാരൻ
- എട്ടു വയസ്സുമുതൽ ജന്മിയുടെ പാടത്ത് പണിയെടുക്കുന്നു

- 62 വയസ്സിനിടയിൽ കോടിക്കണക്കിന് പറ നെല്ല് കൊയ്തു വിതച്ചു
- അച്ഛനോടുള്ള സ്നേഹവും പരിഗണനയും
- അച്ഛനെ ഉപേക്ഷിച്ചു വന്നതിലുള്ള കുറ്റബോധം
- നിറഞ്ഞ ആരോഗ്യവും ആനയുടെ കരുത്തും ഉണ്ടായിരുന്നു
- മകൻ അച്ഛനെ ഉപേക്ഷിച്ച് ഭാര്യയോടൊപ്പം പോന്നെങ്കിലും മകനോടുള്ള സ്നേഹം ഉള്ളിൽ സൂക്ഷിക്കുന്നു
- അച്ഛന് ഒരുനേരമെങ്കിലും വയറുനിറയെ ചോറ് നൽകണമെന്ന ആഗ്രഹം
- ചിരുതയെ സ്വന്തം മകളെ എന്നതുപോലെ സ്നേഹവും പരിഗണനയും നൽകുന്നു
- പിണക്കമോ വിദ്വേഷമോ സൂക്ഷിക്കാത്ത ഒരു മനസ്സിന്റെ ഉടമ
- ജന്മിയുടെ പ്രവൃത്തികളോടും അനീതികളോടുമുള്ള അമർഷം.

# അടിസ്ഥാന പാഠാവലി
## യൂണിറ്റ് - 1
## ജീവിതം പടർത്തുന്ന വേരുകൾ

# ഓരോ വിളിയും കാത്ത്

**യു കെ കുമാരൻ**



# 2 ഓരോ വിളിയും കാത്ത്

## യു കെ കുമാരൻ

## അവസ്ഥാപഠനം

1. **കഥയുടെ ഇതിവൃത്തം.**
   - അച്ഛന്റെ മരണത്തോടെ ജീവിതത്തിൽ ഒറ്റപ്പെട്ടുപോകുന്ന അമ്മ
   - വാർദ്ധക്യത്തിലെ ഒറ്റപ്പെടൽ
   - ,കുടുംബ ബന്ധങ്ങളുടെ ഇഴയടുപ്പം
   - പരസ്പരം സ്നേഹാദരങ്ങൾ പുലർത്തുന്ന കുടുംബാംഗങ്ങൾ

2. ഓരോ വിളിയും കാത്ത് എന്ന കഥ രചിച്ചത് ആര് ?
( ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, യു.കെ കുമാരൻ, യു.എ ഖാദർ)
   - യു.കെ കുമാരൻ

3. ഓരോ വിളിയും കാത്ത്. ഇവിടെ ആരാണ് വിളിക്കായി കാത്തിരിക്കുന്നത്?
   - അമ്മ

4. ആരുടെ വിളിക്കു വേണ്ടിയാണ് കാത്തിരിക്കുന്നത് ?
   - അച്ഛന്റെ

5. ആ വിളിയുടെ പ്രത്യേകത എന്താണ്?
   - അമ്മയോടുള്ള കരുതൽ

## പാഠവിശകലന പ്രവർത്തനങ്ങൾ

### ഒരു മാർക്കിന്റെ ചോദ്യങ്ങൾ

6, "ശബ്ദങ്ങളുടെ കരിയിലകൾ പാറിപ്പോയി "- ആരുടെ ശബ്ദങ്ങളാണ് പാറിപ്പോയത് ?

   - അച്ഛന്റെ

**7.** ശബ്ദങ്ങളുടെ കരിയിലകൾ എന്ന പ്രയോഗം എന്തിന്റെ സൂചനയാണ് ?
(വാർദ്ധക്യം, ഉണങ്ങിയ ഇല, പച്ചയില)

- വാർദ്ധക്യം

**8.** വാവിന് പരേതാത്മാക്കൾക്ക് ദാഹജലമായി നൽകുന്ന ഇളനീരിന് ഒപ്പം ഒരു ഗ്ലാസ് കാപ്പി കൂടി അമ്മ വെച്ചതിന്റെ കാരണമെന്ത് ?
( പരേതാത്മാക്കൾക്ക് കാപ്പി ഇഷ്ടമായതുകൊണ്ട് , അമ്മയ്ക്ക് കാപ്പി ഇഷ്ടമായതുകൊണ്ട് ,അച്ഛന് കാപ്പി ഇഷ്ടമായതുകൊണ്ട്)

- അച്ഛന് കാപ്പി ഇഷ്ടമായതുകൊണ്ട്

**9.** ഘടകപദങ്ങളാക്കുക
- ➢ കന്നിപ്പാടം
- ➢ നാക്കില

- കന്നി, പാടം
- നാക്ക്, ഇല

**10.** സമസ്ത പദം കണ്ടെത്തുക'
- ➢ കാലിന്റെ മുട്ട്
- ➢ ദാഹം തീർക്കാൻ ഉള്ള ജലം
- ➢ പൈക്കളെ കച്ചവടം ചെയ്യുന്ന ആൾ

- കാൽമുട്ട്
- ദാഹജലം
- പൈക്കച്ചവടക്കാരൻ

**രണ്ടു മാർക്കിന്റെ ചോദ്യങ്ങൾ**
(ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക )

11. ഏതോ ദിശയിൽ നിന്ന് അടിച്ച് എത്തിയ കാറ്റിൽ <u>ശബ്ദങ്ങളുടെ കരിയിലകൾ</u> അപ്പാടെ മാറിപ്പോയി.
അടിവരയിട്ട പ്രയോഗത്തിന്റെ പൊരുൾ വ്യക്തമാക്കുക.

**സൂചനകൾ:**
- അച്ഛന്റെ മരണം
- അച്ഛന്റെ മരണത്തോടെ വീട് നിശബ്ദമായി

**12.** "ഇപ്പോഴും എടേ കൂടെ പോണ ചിലർ വിവരം അറിയാതെ ചോദിക്കും, മുപ്പര് എങ്ങോട്ട് പോയി ? ഞാൻ പറയും പോയീന്ന്..... പോയില്ലാന്ന് എനിക്കല്ലേ അറിയൂ.
പോയി, പോയില്ലാ ഈ പദങ്ങൾ നൽകുന്ന അർത്ഥ സൂചനകൾ കണ്ടെത്തി എഴുതുക

**സൂചനകൾ:**

- പോയി -മരിച്ചുപോയി
- പോയില്ല - മരിച്ചിട്ടില്ല

13. "നെന്റെ വീട്ടിലിരുന്നാൽ കൂമൻ മൂളുന്ന ഒച്ച കേക്കോ നീയ്യ്"
"ഇല്ലച്ഛമ്മേ ഒന്നും കേൾക്കില്ല. ടീവീന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ", ഈ വാക്യത്തിൽ തെളിയുന്ന കുട്ടിയുടെ ഭാവം കണ്ടെത്തി കുറിയ്ക്കുക

**സൂചനകൾ:**
- പട്ടണത്തിലെ തന്റെ വീട്ടിലിരുന്നാൽ കിളികളുടെ ശബ്ദം കേൾക്കാൻ പറ്റാത്തതിലുള്ള നിരാശ

**14.** "പക്ഷേ ചെന്നു നോക്കുമ്പോൾ അറിയാം ,മനസ്സിന്റെ ക്ലാവു പിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നുവെന്ന്" 'ക്ളാവുപിടിച്ച കണ്ണാടി 'എന്ന പ്രയോഗത്തിന്റെ അർത്ഥസാധ്യതകൾ കണ്ടെത്തുക

**സൂചനകൾ:**

- രോഗം ബാധിച്ച് കിടപ്പിലായ അച്ഛന്റെ മനസ്സിന്റെയും ശരീരത്തിന്റെയും അവശത
- മനക്കണ്ണുകൊണ്ട് കാണുന്ന കാഴ്ചകൾ

**15.** "ഓർക്ക് ഇതെല്ലാം കാണാൻ എടേം പോണോന്നില്ല, ആടെ കെടന്നാലറിയാം കാറ്റ് എങ്ങോട്ടാ അടിക്കുന്നതെന്ന്".

➢ സ്വന്തം ഭാഷയിലേക്ക് മാറ്റിയെഴുതുക

- അദ്ദേഹത്തിന് ഇതെല്ലാം കാണാൻ എവിടെയും പോകണമെന്നില്ല. അവിടെ കിടന്നാലറിയാം കാറ്റ് എങ്ങോട്ടാണടിക്കുന്നതെന്ന്.

**നാല് മാർക്കിന്റെ ചോദ്യങ്ങൾ**

**16.** "വീടിനെ വീടാക്കി മാറ്റുന്നത് അതിലെ സ്നേഹത്തിന്റെ കെട്ടുറപ്പാണ് "(യു കെ കുമാരൻ ).
വീടിനെ കുറിച്ചുള്ള നിങ്ങളുടെ സങ്കല്പങ്ങൾ വ്യക്തമാക്കുന്ന കുറിപ്പ് തയ്യാറാക്കുക.

**സൂചനകൾ:**

- മക്കളും മാതാപിതാക്കളും സന്തോഷത്തോടെ കഴിയുന്ന ഇടമാണ് വീട്
- പുതുതലമുറയിൽ മാതാപിതാക്കൾക്ക് മക്കളോടൊപ്പം ചെലവഴിക്കാൻ സമയമില്ല
- മാതാപിതാക്കളുടെ തിരക്കുകൾ
- മക്കളെ വേണ്ടത്ര ശ്രദ്ധിക്കാത്ത അവസ്ഥ
- മക്കളെ കരുതുന്ന, ശ്രദ്ധിക്കുന്ന, ശ്രവിക്കുന്ന, തെറ്റുകൾ തിരുത്തുന്ന, വീഴ്ചകളിൽ താങ്ങാവുന്ന മാതാപിതാക്കൾ.

**17.** 'ഓരോ വിളിയും കാത്ത് ' എന്ന കഥയിൽ അച്ഛന്റെ വിളിക്ക് വേണ്ടി കാത്തിരിക്കുന്ന അമ്മ ഒരു പ്രതീകമാണോ? വിശകലനം ചെയ്ത് അഭിപ്രായമെഴുതുക / ശീർഷകത്തിന്റെ ഔചിത്യം കണ്ടെത്തുക

**സൂചനകൾ:**

- ദാമ്പത്യബന്ധത്തിന്റെ ദൃഢത
- പരസ്പരം ഊന്നുവടികളായി ജീവിച്ചിരുന്ന ദമ്പതിമാർ
- അമ്മയെ എപ്പോഴും വിളിച്ചു കൊണ്ടിരുന്ന അച്ഛൻ
- അച്ഛന്റെ വിളിയ്ക്ക് കാതോർത്തിരുന്ന അമ്മ
- അച്ഛന്റെ വിളി - അമ്മയോടുള്ള കരുതൽ
- അമ്മയുടെ മറുവിളി - അച്ഛനോടുള്ള കരുതൽ
- അച്ഛന്റെ മരണശേഷവും അച്ഛന്റെ വിളിക്കായി കാത്തിരിക്കുന്ന അമ്മ, അച്ഛന്റെ മരണം ഉൾക്കൊണ്ടിട്ടില്ല
- അമ്മ ഇപ്പോഴും അച്ഛന്റെ വിളി കേൾക്കുന്നു
- വാർദ്ധക്യത്തിൽ ഒറ്റപ്പെടുന്ന എല്ലാവരുടെയും പ്രതീകമായി മാറുന്നു.

18. 'ഓരോ വിളിയും കാത്ത്' എന്ന കഥയിലെ സൂചനകളുടെ വെളിച്ചത്തിൽ നഗരജീവിതവും ഗ്രാമ ജീവിതവും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**സൂചനകൾ:**

- പട്ടണത്തിലേക്ക് പോകാൻ മടിക്കുന്ന അമ്മ
- മലിനമായ അന്തരീക്ഷം
- കിളികളുടെ ശബ്ദമില്ല ,നിലാവില്ല ഗ്രാമ ജീവിതത്തിൽ ആളുകൾ തമ്മിൽ ഗാഢമായ സ്നേഹബന്ധം
- അയൽപക്ക ബന്ധങ്ങൾ
- ശുദ്ധജലം ,ശുദ്ധവായു കിളികൾ നിലാവ് , കൃഷിഭൂമി
- പട്ടണം- തിരക്ക് , പൊടി , വേഗത, ശബ്ദം

19. "കിടപ്പിൽ ആയിരുന്നപ്പോൾ പോലും വീടിന്റെ ഓരോ കാര്യത്തിലും അച്ഛൻ ഏറെ ശ്രദ്ധിച്ചിരുന്നു .കന്നിപ്പാടത്ത് വെയിലിന്റെ വേലിയേറ്റങ്ങളും കമുകിൻ തോട്ടങ്ങളിലൂടെ രാത്രികാല ത്ത് പറന്നുപോകുന്ന വാവലുകളുടെ ചിറകടിയൊച്ചയും കിടന്നുകൊണ്ട് തന്നെ അച്ഛൻ അറിയുമായിരുന്നു"
-തന്റെ കുടുംബത്തോട് എന്നപോലെ തന്റെ ചുറ്റുപാടുകളോ ടും ആത്മബന്ധം പുലർത്തിയ കഥാപാത്രമാണ് 'ഓരോ വിളിയും കാത്ത്' എന്ന കഥയിലെ അച്ഛൻ .പരിശോധിച്ച് കുറി പ്പ് തയ്യാറാക്കുക.

**സൂചനകൾ:**

- കിടപ്പിലായപ്പോഴും അച്ഛൻ ചുറ്റുപാടുകൾ അറിഞ്ഞിരുന്നു .
- കന്നിപ്പാടത്തെ മാറ്റങ്ങൾ
- അടയ്ക്ക പഴുത്തത്
- വവ്വാലുകൾ പറന്നത്
- തേങ്ങ വരണ്ടത്
- നെല്ലിന് വേലി കെട്ടാൻ സമയമായത്
- കിടന്ന കിടപ്പിലും മനസ്സിന്റെ ക്ലാവ് പിടിച്ച കണ്ണാടിയിലൂടെ ചുറ്റുപാടുകളെ കണ്ടിരുന്ന അച്ഛൻ

**20.** "ഞാനെങ്ങന്യാ മോനെ വരാ ,അച്ഛൻ എന്നെ എപ്പോഴും വിളിച്ചുകൊണ്ടിരിക്കുകയാ, ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാൻ ഇവിടെ ഇല്ലാന്ന് വെച്ചാൽ”

....ആത്മ ബന്ധത്തിന്റെ ആഴം ആണ് അമ്മയുടെ ഈ തോന്നലിൽ തെളിയുന്നത് .-കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് പ്രസ്താവന സാധൂകരിക്കുക.

**സൂചനകൾ:**

- ആഴമായ ആത്മബന്ധമുള്ള ദമ്പതിമാർ
- പരസ്പരം കരുതലോടെ ജീവിച്ചവർ
- അമ്മയെ എപ്പോഴും വിളിക്കുന്ന അച്ഛൻ
- അച്ഛന്റെ വിളിക്ക് മറുവിളികൊടുക്കുക എന്നത് ശീലമാക്കിയ അമ്മ
- അച്ഛനോടൊപ്പം സന്തോഷത്തോടെ ജീവിച്ച വീട്ടിൽ കഴിയാൻ ഇഷ്ടപ്പെടുന്ന അമ്മ
- അച്ഛന്റെ മരണം അംഗീകരിക്കാനാവാത്ത അമ്മ, അച്ഛന്റെ മരണശേഷവും അച്ഛന്റെ സാന്നിധ്യം അനുഭവിക്കുന്നു
- ആഴത്തിലുള്ള ആത്മബന്ധം

**21.** അമ്മ എന്തുകൊണ്ടാണ് മകനോടൊപ്പം പട്ടണത്തിലേക്ക് പോകാത്തത്? / അമ്മയെ ഈ വീട്ടിൽ പിടിച്ചുനിർത്തുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?

**സൂചനകൾ:**

- അച്ഛന്റെ ഓർമ്മകൾ നിറഞ്ഞു നിൽക്കുന്ന വീട്
- അച്ഛന്റെ വിളികൾക്കു പിന്നാലെ പോകുന്നത് അമ്മയുടെ ശീലമായിരുന്നു *അച്ഛൻ മരിച്ചു എന്ന് വിശ്വസിക്കാൻ കഴിയുന്നില്ല
- അച്ഛൻ മരിച്ചിട്ടും അച്ഛന്റെ സാന്നിധ്യം അമ്മ അനുഭവിക്കുന്നു
- വീടും പറമ്പും അനാഥമാകും എന്ന ചിന്ത
- നഗരത്തിലെ അന്തരീക്ഷവുമായി പൊരുത്തപ്പെടാൻ ആകാത്ത അവസ്ഥ
- അച്ഛന്റെ ഓർമ്മകൾ നിറഞ്ഞ വീട്ടിൽ കിടന്ന് തനിക്കും മരിക്കണം എന്ന ആഗ്രഹം .

22. അമ്മയെ തന്നോടൊപ്പം പട്ടണത്തിലേക്ക് കൊണ്ടുപോകണമെന്ന് മകൻ ചിന്തിക്കാൻ കാരണമെന്ത്?

**സൂചനകൾ:**

- അച്ഛനില്ലാത്ത വീട്

- ഏകാന്തത
- ഒറ്റപ്പെടൽ
- നിരാശാബോധം
- അമ്മയ്ക്ക് പെട്ടെന്ന് വാർദ്ധക്യം ബാധിച്ച അവസ്ഥ
- വീട്ടിലെ ഒറ്റപ്പെടൽ അമ്മയെ തളർത്തും -ഇത്തരം ചിന്തകൾ

23. 'ഓരോ വിളിയും കാത്ത്' എന്ന കഥയിലെ അച്ഛന്റെ സ്വഭാവസവിശേഷതകൾ, കഥയിലെ സ്ഥാനം എന്നിവ വ്യക്തമാക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക .

**സൂചനകൾ:**

- കുടുംബനാഥൻ
- അമ്മയോടുള്ള ബന്ധത്തിന്റെ ഇഴയടുപ്പം
- മറ്റുള്ളവരുമായുള്ള ബന്ധം
- അച്ഛൻ ഇല്ലാതാകുമ്പോൾ മകന് അനുഭവപ്പെടുന്ന ശൂന്യത
- വീട്ടുകാര്യങ്ങളിൽ ഉള്ള ശ്രദ്ധ
- പ്രകൃതിയുമായുള്ള അടുപ്പം

**ആറ് മാർക്കിന്റെ ചോദ്യങ്ങൾ**

24. അമ്മത്തൊട്ടിൽ, ഓരോ വിളിയും കാത്ത് ഈ രണ്ടു രചനകളിലെയും മക്കൾക്ക് അവരുടെ അമ്മമാരോട് ഉള്ള സമീപനം താരതമ്യം ചെയ്തത് 'വാർദ്ധക്യത്തോട് പുതുതലമുറയുടെ സമീപനം' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

**സൂചനകൾ:**

**അമ്മത്തൊട്ടിൽ**

- അമ്മത്തൊട്ടിലിൽ മകൻ അമ്മയെ ഉപേക്ഷിക്കാൻ ഇടം തേടുന്നു
- അയാൾ കണ്ടെത്തുന്ന ഓരോ ഇടങ്ങളും അയാളെ ഭൂതകാലത്തേക്ക് നയിക്കുന്നു
- അമ്മയുടെ സ്നേഹം കരുതൽ മനസ്സിലേക്ക് കടന്നു വരുന്നു
- അയാൾ മാറി ചിന്തിക്കുന്നു

**ഓരോ വിളിയും കാത്ത്**

- ഓരോ വിളിയും കാത്ത് എന്ന കഥയിലെ മകന് അമ്മ യോട് ഏറെ സ്നേഹം ,കരുതൽ
- അച്ഛന്റെ മരണശേഷം അമ്മയ്ക്കുണ്ടായ ചെറിയ മാറ്റങ്ങൾ പോലും ശ്രദ്ധിക്കുന്നു
- അമ്മയെ തനിച്ചാക്കി പോകാൻ ഈ കഥയിലെ മകന് കഴിയുന്നില്ല
- ഏകാന്തമായ ചുറ്റുപാടുകൾ അമ്മയ്ക്ക് താങ്ങാനാവില്ല എന്ന് അയാൾ തിരിച്ചറിയുന്നു
- അമ്മയെയും അച്ഛനെയും നന്നായി മനസ്സിലാക്കിയ മകൻ
- പുതുതലമുറയിൽ മാതാപിതാക്കളെ സ്നേഹിക്കുന്നവരും അവഗണിക്കുന്നവരും ഉണ്ട്

25. വ്യത്യസ്ത കാലഘട്ടങ്ങളിൽ കുടുംബബന്ധങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ പ്ലാവിലക്കഞ്ഞി, ഓരോ വിളിയും കാത്ത് ,അമ്മത്തൊട്ടിൽ എന്നീ പാഠഭാഗങ്ങൾ വിശകലനം ചെയ്ത് കണ്ടെത്തുക.

**സൂചനകൾ:**

- കാലഘട്ടങ്ങൾ മാറുന്നതനുസരിച്ച് കുടുംബബന്ധങ്ങളിൽ മാറ്റം വന്നു
- കൂട്ടുകുടുംബത്തിൽനിന്ന് അണു കുടുംബത്തിലേക്ക്
- ആളുകൾ പങ്കുവയ്ക്കാൻ മടിക്കുന്നു (സന്തോഷം, സങ്കടം ,സമ്പത്ത് )
- **പ്ലാവിലക്കഞ്ഞി** എന്ന കഥയിൽ ഇല്ലായ്മകളും വല്ലായ്മ കളും സ്നേഹംകൊണ്ട് മറികടക്കുന്നു
- കോരൻ അച്ഛനെ ഏറെ സ്നേഹിക്കുന്നു
- അച്ഛനെ ഉപേക്ഷിച്ചു പോന്നത് അക്ഷന്തവ്യമായ അപരാധമായി അയാൾ കണക്കാക്കുന്നു
- ചിരുത ഭർതൃപിതാവിനെ ഏറെ സ്നേഹത്തോടെ പരിപാലിക്കുന്നു
- **ഓരോ വിളിയും കാത്ത്** എന്ന കഥയിൽ ദൃഢമായ കുടുംബ ബന്ധങ്ങൾ കാണാം കാണാം (ഭാര്യാഭർതൃബന്ധം, മാതൃപുത്ര ബന്ധം ,പിതൃപുത്ര ബന്ധം)
- **അമ്മത്തൊട്ടിൽ** എന്ന കവിതയിൽ കുടുംബ ബന്ധങ്ങളിൽ വിള്ളൽ വീണിരിക്കുന്നു.

- സ്വാർത്ഥതയ്ക്കും സുഖത്തിനും വേണ്ടി അമ്മയെ ഉപേക്ഷിക്കാൻ തയ്യാറാകുന്ന മകൻ
- അമ്മയെ ഉപേക്ഷിക്കാൻ പ്രേരിപ്പിക്കുന്ന പുത്രഭാര്യ

# പ്രക്രിയാബന്ധിത പ്രവർത്തനങ്ങൾ

**26.** പത്രവാർത്ത അവതരിപ്പിക്കുന്നു
'കനിവ് തേടുന്ന വാർദ്ധക്യം '
മക്കൾ ഉപേക്ഷിച്ചു പോയ വൃദ്ധദമ്പതിമാരെ കുറിച്ചുള്ള വാർത്ത അവതരിപ്പിക്കുന്നു. തുടർന്ന് ആധുനിക കാലത്ത് വാർദ്ധക്യം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ -ചർച്ച - ഉപന്യാസം

അല്ലെങ്കിൽ

ആധുനികകാലത്ത് കുടുംബബന്ധങ്ങളിലെ ഇഴയടുപ്പം നഷ്ടപ്പെട്ടിരിക്കുന്നു . -സംവാദം- കുറിപ്പ്

**സൂചനകൾ:**

- അവഗണിക്കപ്പെടുന്ന അവസ്ഥ
- മക്കളുടെ സ്നേഹവും ശുശ്രൂഷയും ലഭിക്കുന്നില്ല
- അഭിപ്രായങ്ങൾ മാനിക്കുന്നില്ല
- രോഗങ്ങളും അനുബന്ധ പ്രശ്നങ്ങളും
- ആശുപത്രികളിലും അമ്പലനടയിലും ഉപേക്ഷിക്കപ്പെടുന്നവർ
- വൃദ്ധസദനങ്ങൾ വർദ്ധിക്കുന്നു

# അടിസ്ഥാന പാഠാവലി
# യൂണിറ്റ് - 1
# ജീവിതം പടർത്തുന്ന വേരുകൾ

# അമ്മത്തൊട്ടിൽ

**റഫീക്ക് അഹമ്മദ്**



# 3 അമ്മത്തൊട്ടിൽ

**റഫീക്ക് അഹമ്മദ്**

## അവസ്ഥാപഠനം

(താഴെ കൊടുത്തിരിക്കുന്ന ചർച്ചകളിലൂടെ കവിതയുടെ ആശയത്തെക്കുറിച്ച് കുട്ടികൾക്കുള്ള ധാരണ അറിയുക)

1. ഏതെല്ലാം സ്ഥലങ്ങളിലാണ് അമ്മയെ ഉപേക്ഷിക്കാൻ മകൻ ശ്രമിക്കുന്നത് ?
2. ആധുനിക സമൂഹത്തിൽ വർധിച്ചുവരുന്ന "വലിച്ചെറിയൽ സംസ്കാരം" ഈ കവിതയിൽ പ്രതിഫലിക്കുന്നുണ്ടോ ?
3. എന്തുകൊണ്ടാണ് അമ്മയെ ഉപേക്ഷിക്കുവാൻ മകന് കഴിയാതെ പോയത് ?

## പാഠവിശകലന പ്രവർത്തനങ്ങൾ

**ഒരു മാർക്കിന്റെ ചോദ്യങ്ങൾ**

1. പിഞ്ഞാണവർണ്ണം ശരിയായ വിഗ്രഹ രൂപമേത്?

   എ. പിഞ്ഞാണവും വർണ്ണവും
   ബി. പിഞ്ഞാണത്തിന്റെ വർണ്ണം
   സി. പിഞ്ഞാണത്തിലെ വർണ്ണം

   - പിഞ്ഞാണത്തിന്റെ വർണ്ണം

2. "കണ്ണുകൾ മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണമായ്"
- ഈ വരികൾ ധ്വനിപ്പിക്കുന്ന അർത്ഥസൂചനയെന്ത് ?(1)

   - ജീവിതം മുഴുവൻ മകനുവേണ്ടി തുറന്നു വച്ച കണ്ണുകളുടെ നിറം മങ്ങി

**രണ്ടു മാർക്കിന്റെ ചോദ്യങ്ങൾ**

3. "പീളയടിഞ്ഞ് നിറം പോയ കണ്ണുകളെന്തേയടയ്ക്കാതെവച്ചമ്മ നിർദയം*"
നിർദയം എന്ന പ്രയോഗം സന്ദർഭത്തിനു നൽകുന്ന അർഥ വ്യാപ്തിയെന്ത് ?

- മരണ വേളയിലും തനിക്കായി തുറന്നു വച്ച അമ്മയുടെ കണ്ണു കൾ മകനിൽ കുറ്റബോധം ഉണർത്തുന്നു

4. "അന്നത്തെ സൂചി പ്രയോഗത്തിൻ നീറ്റൽ പോലൊന്ന് മനസ്സി ലൂടപ്പോൾ കടന്നുപോയ്"
ഈ വരികളിൽ തെളിയുന്ന മകന്റെ മാനസികാവസ്ഥ വ്യക്ത മാക്കുക.

- മകന്റെ മാനസിക സംഘർഷം
- കുറ്റബോധം

**5.** 'അമ്മത്തൊട്ടിൽ' എന്ന ശീർഷകത്തിന്റെ ഔചിത്യം വെളിപ്പെ ടുത്തുന്ന രണ്ടു സൂചനകൾ എഴുതുക.

**സൂചനകൾ**

- കുട്ടികളെ ഉപേക്ഷിക്കുന്ന ഇടമാണ് അമ്മത്തൊട്ടിൽ.
- കവിതയിൽ അമ്മയെ ഉപേക്ഷിക്കുന്ന ഇടമായി മാറുന്നു.

**6.** “ഇപ്പെരും മാളിന്റെ”, “ഇപ്പെരുമാളിന്റെ”
ഈ രണ്ടു പ്രയോഗങ്ങളുടെയും അർഥവ്യത്യാസം എഴുതുക

- പെരുമാൾ = ഈശ്വരൻ
- പെരും മാൾ = വലിയ വ്യാപാര സമുച്ചയം

**നാല് മാർക്കിന്റെ ചോദ്യങ്ങൾ**

**7.** അമ്മയെ ഉപേക്ഷിക്കാൻ മകൻ നടത്തുന്ന യാത്ര, മകന്റെ മുൻ കാല ജീവിതാനുഭവങ്ങളലേക്കുള്ള യാത്രയായി മാറുന്നുണ്ട്. ഈ ആശയത്തോടുള്ള നിങ്ങളുടെ പ്രതികരണം വിശദമാക്കുക.

- ബാല്യത്തിൽ ആശുപത്രിയിലെ സൂചി പ്രയോഗം
- വിദ്യാലയ പ്രവേശനത്തിന്റെ ആദ്യ ദിനം അമ്മയെ പിരിഞ്ഞതിന്റെ ദുഃഖം
- അമ്മയോട് ഒപ്പം ഉള്ള ക്ഷേത്ര ദർശനം
- ബാല്യകാലത്ത് ആശുപത്രിയിൽ പനിവന്ന് ചികിത്സിച്ചതിന്റെ ഓർമ്മകൾ

8. പണ്ട് പനിച്ചു കിടന്ന കാലത്ത് തനിക്കു ലഭിച്ച സൂചിപ്രയോഗത്തിന്റെ ഓർമ്മ, മകന്റെ ഇന്നത്തെ മാനസികാവസ്ഥയ്ക്കെതിരെയുള്ള ഔഷധപ്രയോഗമായി മാറുന്നുണ്ടോ?

**സൂചനകൾ:**

- ഉണ്ട്.
- ബാല്യകാലത്ത് ആശുപത്രിയിൽ പനി വന്ന് ചികിത്സിച്ചതിന്റെ ഓർമ്മകൾ അമ്മയെ ഉപേക്ഷിക്കുന്നതിൽ നിന്ന് മകനെ പിന്തിരിപ്പിച്ചു.

9. "ഞാൻ വായിച്ച ഏറ്റവും നല്ല പുസ്തകം എന്റെ അമ്മയാണ്" -എബ്രഹാം ലിങ്കൺ
ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്?

**സൂചനകൾ:**

- അമ്മസങ്കൽപ്പം
- മക്കളെ രൂപപ്പെടുത്തുന്ന അമ്മ
- അമ്മ എന്ന പാഠപുസ്തകം

10. ഓർമ്മകൾ തിരിച്ചറിവിലേയ്ക്കു നയിക്കുന്നുണ്ടോ? 'അമ്മത്തൊട്ടിൽ' എന്ന കവിതയിൽ ഓർമ്മകൾക്കുള്ള പ്രാധാന്യം വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

**സൂചനകൾ:**

- ബാല്യത്തിൽ ആശുപത്രിയിലെ സൂചി പ്രയോഗം
- വിദ്യാലയ പ്രവേശനത്തിന്റെ ആദ്യ ദിനം അമ്മയെ പിരിഞ്ഞതിന്റെ ദുഃഖം
- അമ്മയോട് ഒപ്പം ഉള്ള ക്ഷേത്ര ദർശനം
- ബാല്യകാലത്ത് ആശുപത്രിയിൽ പനി വന്ന് ചികിത്സിച്ച് ഓർമ്മകൾ

- ഈ ഓർമ്മകൾ മകനെ ദുഷ്പ്രവൃത്തിയിൽ നിന്നു പിന്തിരിപ്പിക്കുന്നു.

**11**. മനുഷ്യ ജീവിതത്തിൽ "അമ്മ", "തൊട്ടിൽ" എന്നീ പദങ്ങളുണർത്തുന്ന വൈകാരികതയ്ക്കു വിരുദ്ധമാണ് "അമ്മത്തൊട്ടിൽ" എന്ന ശീർഷകം. കവിത വിശകലനം ചെയ്ത് നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

**സൂചനകൾ:**

- അമ്മ എന്ന മാതൃഭാവം
- തൊട്ടിൽ എന്ന വാത്സല്യഭാവം
- അമ്മത്തൊട്ടിൽ - ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്കുള്ള ഇടം
- ഇവിടെ ഉപേക്ഷിക്കപ്പെടുന്നത് ഒരു കുഞ്ഞിനേപ്പോലെ നിസ്സഹായയായ അമ്മ.

**ആറ് മാർക്കിന്റെ ചോദ്യങ്ങൾ**

**12.** "ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കും,മടങ്ങാതെ
വയ്യ,തലയ്ക്കകത്തെന്തോ പെരുക്കുന്നു"

കേരളത്തിലെ മാറുന്ന കടുംബബന്ധങ്ങളുടെ നേർചിത്രമാണോ അമ്മത്തൊട്ടിൽ എന്ന കവിതയിൽ വരച്ചുവച്ചിരിക്കുന്നത് ? സ്വന്തം നിലപാടു വ്യക്തമാക്കി "കുടുംബബന്ധങ്ങൾ കേരളീയ സമൂഹത്തിൽ" എന്ന വിഷയത്തിൽ ഒരു ലേഖനം തയ്യാറാക്കുക.

# പ്രക്രിയാ ബന്ധിതപ്രവർത്തനങ്ങൾ

**13**. അമ്മത്തൊട്ടിൽ എന്ന കവിതയിലെ സവിശേഷ പ്രയോഗങ്ങൾ കണ്ടെത്തി സന്ദർഭങ്ങൾ സൂചിപ്പിക്കുക.

**സൂചനകൾ:**

- ഇപ്പെരുമാൾ
- പിഞ്ഞാണവർണ്ണം,
- സൂചി പ്രയോഗം,
- കരിന്തിരിയാളുക,
- ഓലക്കൊടികൾ പുകയുക.

**14.** മകന് അമ്മയെ ഉപേക്ഷിക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണ് ? കുട്ടികളുടെ അഭിപ്രായം പട്ടികപ്പെടുത്തുക.

**15.** കവിതയുടെ ദൃശ്യസാധ്യതകൾ ഉപയോഗപ്പെടുത്തി തിരക്കഥ തയ്യാറാക്കാം. (വിവിധ രംഗങ്ങൾ കുട്ടികൾക്ക് വിഭജിച്ചു നൽകാം.)

# അടിസ്ഥാന പാഠാവലി

# നിലാവുപെയ്യുന്ന നാട്ടുവഴികൾ
# കൊച്ചുചക്കരച്ചി



# 4. കൊച്ചുചക്കരച്ചി

## എ.പി.ഉദയഭാനു

## അവസ്ഥാ വിശകലനം.

1. ആരാണ് കൊച്ചു ചക്കരച്ചി?
   - മാവ്

2. കൊച്ചുചക്കരച്ചി എന്ന പാഠഭാഗം എഴുതിയതാരാണ്?
   - എ.പി.ഉദയഭാനു

3. മാവ് വെട്ടാൻ തുനിഞ്ഞതാരാണ്?
   - പാട്ടത്തിലെ അപ്പൂപ്പൻ

4. എന്തിനാണ് മാവ് വെട്ടാനൊരുങ്ങിയത്?
   - വലിയ ഒരു പൊത്തുണ്ടായതിനാൽ അപകടം വന്നാലോ എന്ന് വിചാരിച്ച്

.

5. അമ്മ എന്തുകൊണ്ടാണ് മാവ് വെട്ടാൻ സമ്മതിക്കാതിരുന്നത്?
   - കൊച്ചു ചക്കരച്ചിയോടുള്ള സ്നേഹം കൊണ്ടും അത് ചതിക്കില്ല എന്ന വിശ്വാസത്താലും

6. "നാവ് ഉണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു'

   കൊച്ചുചക്കരച്ചി എത്രയോ തലമുറയായി ആ കുടുംബത്തിലെ ഒരംഗമായിരുന്നു എന്ന് ലേഖകൻ പറയുന്നു .
   താഴെ തന്നിരിക്കുന്ന സൂചനകൾ മുൻനിർത്തി കൊച്ചു ചക്കരച്ചിയുടെ ജീവിതം ആത്മകഥയായി അവതരിപ്പിച്ചു നോക്കൂ.

   - തറവാട്ടിൽ കൊച്ചുചക്കരച്ചി നിൽക്കുന്ന സ്ഥാനം
   - പാട്ടത്തിലെ അപ്പൂപ്പൻ വിചാരിച്ചിട്ടും വെട്ടിക്കളയാതിരുന്നത്
   - നീറുകൾ മാങ്ങ വിൽക്കാൻ സമ്മതിക്കാതെ ഇരുന്നത്

- യുദ്ധകാലത്ത് നല്ല വില കിട്ടുമായിരുന്നിട്ടും മാവ് വിൽക്കാതിരുന്നത്
- തടി ജീർണിച്ചത്
- അമ്മയ്ക്ക് കൊച്ചുചക്കരച്ചിയോടുള്ള സ്നേഹവും വിശ്വാസവും
- രോഗാവസ്ഥയിലും ഇച്ഛാശക്തിയോടെ ഉള്ള ജീവിതം
- ചെറിയ കാറ്റിലും മഴയിലും പെട്ട് മരണം
- കൊച്ചുചക്കരച്ചിയുടെ മകളോടുള്ള അമ്മയുടെ വാത്സല്യം

# പാഠവിശകലന പ്രവർത്തനങ്ങൾ

## ബഹുവികല്പ ചോദ്യങ്ങൾ (ഒരു മാർക്ക്)

**7.** “നാടായാലും കാടായാലും
കുന്നായാലും കുഴിയായാലും
നല്ലവർ പാർക്കുന്നെങ്കിൽ നീയും നന്നേ
വാഴുക നിലമേ”

ഈ വരികൾ അർത്ഥമാക്കുന്നതെന്താണ്?

എ. ഭൂപ്രകൃതി എന്തായാലും ആളുകൾ നല്ലവരായിരിക്കണം

ബി. താമസിക്കുന്ന നാട് നന്നായിരുന്നാൽ അവിടെ താമസിക്കുന്ന ആളുകളും നല്ലവരായി മാറും

സി. നല്ല ആളുകൾ താമസിച്ചാൽ ഏതു നാടും നന്മയുള്ളതായി മാറും

**8.** എ.പി. ഉദയഭാനുവിന്റെ കൊച്ചുചക്കരച്ചി എന്ന പാഠഭാഗം ഏത് സാഹിത്യ വിഭാഗത്തിൽ ആണ് ഉൾപ്പെടുന്നത്?

എ. അനുഭവക്കുറിപ്പ്

ബി. ആത്മകഥ

സി. ഉപന്യാസം

**9.** 'ഏതു പരുവത്തിലാണ് മാങ്ങ ആസ്വാദ്യകരം അല്ലാത്തത് ?'ഈ വാക്യം അർത്ഥമാക്കുന്നത് എന്താണ് ?

എ. എല്ലാ പരുവത്തിലും മാങ്ങ ആസ്വാദ്യകരം അല്ല

ബി. ചില പരുവങ്ങളിൽ മാത്രമാണ് മാങ്ങ ആസ്വാദ്യകര മാകുന്നത്

സി. എല്ലാ പരുവത്തിലും മാങ്ങ ആസ്വാദ്യകരമാണ്

**10.** 'മാങ്ങമരം' കാണാത്ത കുട്ടികൾ കേരളത്തിലുണ്ടാവില്ല, എങ്കിലും ഇപ്പറഞ്ഞ പഴയ 'അപരിഷ്കൃതമട്ടുകൾ' അവർ അറിയാനിട യില്ല. *അപരിഷ്കൃതമട്ടുകൾ* എന്നതുകൊണ്ട് ഉദ്ദേശിക്കു ന്നത് എന്താണ്?

എ. മാങ്ങ വീഴ്ത്താൻ ചെയ്ത പ്രവൃത്തികൾ ഒട്ടും പരിഷ്കൃ തമല്ല

ബി. ഇന്നത്തെ തലമുറയ്ക്ക് അവ അപരിഷ്കൃതങ്ങളായി തോ ന്നാം

സി. പരിഷ്കാരം ഉള്ളവർ ഇത്തരം കളികളിൽ ഏർപ്പെടുക യില്ല.

**11.** മുറ്റത്ത് കിഴക്കേ അറ്റത്ത് ഉയർന്നുനിൽക്കുന്ന മാളികയോട് സ്പർദ്ധിക്കുന്ന മട്ട് തോന്നും കണ്ടാൽ. കൊച്ചുചക്കരച്ചിയുടെ ഏത് സവിശേഷതയാണ് ഇവിടെ സൂചിപ്പിക്കുന്നത്?

എ. കിഴക്കേ അറ്റത്തെ മാളികയേക്കാൾ കുറവാണ് കൊച്ചു ചക്കരച്ചിയുടെ ഉയരം

ബി. മാളിക കാണാൻ കഴിയാത്തവിധം ഉയരത്തിലാണ് കൊച്ചു ചക്കരച്ചിയുടെ നിൽപ്പ്

സി. കൊച്ചുചക്കരച്ചിക്ക് ലഭിക്കുന്ന ശ്രദ്ധ മാളികയെക്കാൾ കു റവാണ്

**12**. കൊച്ചുചക്കരച്ചിയിലെ മാങ്ങ വിൽക്കാൻ ശ്രമിച്ചിട്ടും നടക്കാതെ പോയത് എന്തുകൊണ്ട്?

എ. മാങ്ങയ്ക്ക് നല്ലവില കിട്ടാതിരുന്നിട്ട്

ബി. മാവിൽ മുഴുവൻ നീറുകൾ ആയതിനാൽ കയറാൻ സാധിക്കാതിരുന്നിട്ട്

സി. തന്റെ മാങ്ങ വിൽക്കാനുള്ളതല്ല. ആളുകൾക്ക് ഒന്നും രണ്ടും പെറുക്കി തിന്നാൻ ഉള്ളതാണെന്ന് കൊച്ചുചക്കരച്ചി വിചാരിച്ചതു കൊണ്ട്

**13.** അക്കാലത്ത് മാവുകളെ പട്ടാളത്തിൽ ചേർത്തിരുന്നു എന്ന് ലേഖകൻ പറയുന്നത് എന്തുകൊണ്ടാണ്?

എ. ഉയരവും വണ്ണവും മാവുകൾക്ക് കൂടുതലായതിനാൽ

ബി. `യുദ്ധത്തിന് ആയുധങ്ങളും മറ്റും നിർമ്മിക്കാൻ

സി. യുദ്ധകാലത്ത് എല്ലാറ്റിനും വില കൂടിയതിനാൽ പണത്തിന് ബുദ്ധിമുട്ട് വന്നതുകൊണ്ട്

## ഉത്തരങ്ങൾ

7. സി.

8. സി

9. സി

10. ബി

11. ബി

12. ബി

13. ബി

## ഒറ്റ വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക
## ഓരോ ചോദ്യത്തിനും ഒരു മാർക്ക് വീതം

**14.** ആകാശം ഉരുമ്മിനിൽക്കുന്ന മാവിനെ കുരുടിച്ചി എന്ന് വിളിക്കുന്നത് എന്തുകൊണ്ടാണ്?

**സൂചനകൾ:**

- ചക്കക്കുരുവിനെക്കാൾ വലിപ്പം കുറവാണ് മാങ്ങയ്ക്ക്
- കുട്ടികൾക്കുപോലും അണയിൽ രണ്ടെണ്ണം ഇടാം

**15.** "കൊതിയ സമാജം" കൂടിയിരുന്നത് മാവിൻ ചുവട്ടിലായിരുന്നു എന്ന് പറയുന്നത് എന്തുകൊണ്ടാവാം ?

**സൂചനകൾ:**

- മാങ്ങ പഴുക്കുമ്പോൾ കുട്ടികൾ കൊതിയോടെ മാവിൻചുവട്ടിൽ എത്തുന്നതിനാൽ

**16.** മാവ് കഥാപാത്രം ആയി വരുന്ന മലയാള കവിതകളിൽ പ്രധാനപ്പെട്ടത് ഏത് ?

**സൂചനകൾ:**

- വൈലോപ്പിള്ളി , മാമ്പഴം

**17.** "നാട്ടിൻപുറത്തുള്ള മാങ്ങകൾക്കെല്ലാം രുചി ഈ മാംഗോഫ്രൂട്ടിക്കുള്ള പോലാണോ?"
ആരുടെ ഏത് കവിത ?

**സൂചനകൾ:**

- പി പി രാമചന്ദ്രൻ- മാമ്പഴക്കാലം

**18.** വേണ്ടപ്പെട്ടവർ ആരൊക്കെയോ ഇടപെട്ട് ആ അത്യാഹിതം തടഞ്ഞു.
എന്തായിരുന്നു അത്യാഹിതം ?

**സൂചന:**

- പാട്ടത്തിലെ അപ്പൂപ്പൻ 60 കൊല്ലം മുൻപ് കൊച്ചുചക്കരച്ചിയെ വെട്ടി നീക്കാൻ തുനിഞ്ഞത്

**19.** എന്തിനായിരുന്നു പാട്ടത്തിലെ അപ്പൂപ്പൻ കൊച്ചുചക്കരച്ചിയെ വെട്ടാൻ ശ്രമിച്ചത് ?

**സൂചന:**

- തറവാടിന്റെ ധാടിയും മോടിയും കൊച്ചുചക്കരച്ചി നിൽക്കുന്നതിനാൽ മറഞ്ഞുപോകുന്നു എന്നതു കൊണ്ട്

**20.** യുക്തി ഉള്ളിടത്തല്ലേ യുക്തിവാദം ഫലിക്കൂ ഇവിടെ ഭക്തിയും വിശ്വാസവുമാണ് -
എന്തായിരുന്നു അമ്മയുടെ വിശ്വാസം?

**സൂചന:**

- കൊച്ചുചക്കരച്ചി വീഴില്ല .വീണാലും അവൾ ആപത്ത് വരുത്തുകയില്ല എന്ന ഉറച്ച നിലപാട്

## രണ്ടു വാക്യത്തിൽ ഉത്തരം എഴുതേണ്ട ചോദ്യങ്ങൾ

## ( രണ്ടു മാർക്ക്)

**21.** ആ കഥ കൊച്ചുചക്കരച്ചിക്ക് പ്രത്യേക അരുമത്തം നേടിക്കൊടുത്തു. ഏത് കഥ?

**സൂചനകൾ:**

- പാട്ടത്തിലെ അപ്പൂപ്പൻ വെട്ടി നീക്കാൻ തുനിഞ്ഞതും വേണ്ടപ്പെട്ടവർ തടഞ്ഞതും

**22.** കാറ്റും മഴയും വരുമ്പോഴൊക്കെ അമ്മ പൂമുഖത്ത് ചെന്നിരിക്കും. അമ്മ അങ്ങനെ ചെയ്തത് എന്തുകൊണ്ടെന്നാണ് ലേഖകൻ കരുതുന്നത്?

**സൂചനകൾ:**

- കൊച്ചുചക്കരച്ചി ചതിക്കില്ല എന്ന വിശ്വാസം.
- കൊച്ചുചക്കരച്ചി വീണ് പൂമുഖവും അറയും തകർന്നാൽ താനും തകർന്നോട്ടെ എന്ന വിചാരം

## നാല് മാർക്കിന്റെ ചോദ്യങ്ങൾ

**23.** വൃക്ഷങ്ങളിൽ വച്ച് വൃക്ഷം മാവ് തന്നെ എന്ന് ലേഖകൻ സമർത്ഥിക്കുന്നത് എങ്ങനെ?

### സൂചനകൾ:

- മാവ് തളിരിടുമ്പോൾ മുതൽ നാട്ടിൻപുറത്ത് ഉത്സവമാണ്
- ഉണ്ണിമാങ്ങകൾ മുതൽ പഴമാങ്ങ വരെയുള്ള രുചിപ്പെരുമ

**24.** തിരിഞ്ഞുനോക്കുമ്പോൾ എത്രയെത്ര മാവുകളാണ് എന്റെ ഓർമ്മയിൽ വന്നു "നിരന്നുനിരന്നു" നിൽക്കുന്നത്!

പച്ചമാങ്ങ അല്പം ഉപ്പും ചേർത്ത് "കറുമുറാ" "കറുമുറാ" ചവച്ചുതിന്നാൽ കുത്തിയൊലിക്കുന്ന ഉമിനീരിന്റെ വേഗം കൊണ്ട് അണകൾ കോച്ചിപ്പോകും.

"പല പല" മാവുകൾ അവരുടെ പ്രത്യേക സ്വാദുകളുമായി ഓടിയെത്തുന്നു.

വാക്കുകൾ ആവർത്തിച്ച് ഉപയോഗിക്കുന്നതിലൂടെ എന്ത് സവിശേഷതയാണ് ഉള്ളടക്കത്തിന് കൈവരുന്നത്?

### സൂചനകൾ:

- വാക്കുകളുടെ ആവർത്തനത്തിലൂടെ വാങ്മയചിത്രം തെളിയുന്നു
- കഴിഞ്ഞു പോയ കാലത്തിന്റെ ഓർമ്മകൾ വീണ്ടും മനസ്സിൽ എത്തുന്നു
- ശബ്ദത്തിലൂടെയുള്ള അനുഭവം ലഭ്യമാകുന്നു
- വാക്യങ്ങൾക്ക് സൗന്ദര്യം ലഭിക്കുന്നു
- ഭാവതീവ്രത കൈവരുന്നു

**25.** ഇന്ന് "മാങ്ങമരം' കാണാത്ത കുട്ടികൾ കേരളത്തിലുണ്ടാവില്ല, എങ്കിലും ഇപ്പറഞ്ഞ പഴയ 'അപരിഷ്കൃതമട്ടുകൾ ' അവർ അറിയാനിടയില്ല അപരിഷ്കൃതമട്ടുകൾ, മാങ്ങമരം തുടങ്ങിയ പ്രയോഗങ്ങൾ എന്തിനെയാണ് സൂചിപ്പിക്കുന്നത്?

### സൂചനകൾ:

- പ്രകൃതിയുമായി അകലുന്ന കുട്ടികളെയാണ് മാങ്ങ മരം സൂചിപ്പിക്കുന്നത്
- ( മലയാറ്റൂരിന്റെ വേരുകൾ എന്ന നോവലിൽ കുട്ടികൾ നെൽപാടം കണ്ട് അരിശിച്ചെടിയാണോ എന്ന് ചോദിക്കുന്നത് ഓർക്കാം.)
- മാങ്ങ വീഴ്ത്താൻ അന്നത്തെ കുട്ടികൾ കണ്ടെത്തിയ രസകരമായ കളികൾ ഇന്നത്തെ തലമുറയ്ക്ക് അപരിഷ്കൃതം എന്ന് തോന്നാം

**26.** അങ്ങനെ എന്തെല്ലാം മന്ത്രതന്ത്രങ്ങൾ, ഉപാസനകൾ മാവിൻചുവട്ടിൽ നടത്തിയിരുന്നു എന്തൊക്കെയായിരുന്നു അവ?

## സൂചനകൾ:

- മാങ്ങ വീഴ്ത്താൻ ചെയ്ത പ്രവൃത്തികൾ
- രസകരമായ കളികൾ തുടങ്ങിയവ

**27.** കവികളും കഥാകാരന്മാരും മാവിനെക്കുറിച്ച് ഏറെ എഴുതിയത് എന്തുകൊണ്ടാവാം എന്നാണ് ലേഖകൻ അഭിപ്രായപ്പെടുന്നത്? ഉദാഹരണങ്ങൾ കൂടിവിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## സൂചനകൾ:

- ഏതാനും കൃതികളുടെ ഉദാഹരണം ( വൈലോപ്പിള്ളി - മാമ്പഴം ഉണ്ണികൃഷ്ണൻ പുതൂർ - പഞ്ചാരമാവ് വീണു ,ബഷീർ -തേന്മാവ്, ബാല്യകാലസഖി, പി.പി.രാമചന്ദ്രൻ - മാമ്പഴക്കാലം,
- ഇടശ്ശേരി - പൂത്ത മാവിനെപ്പറ്റി)
- കാമദേവന് കവികൾ മാമ്പൂവ് ഓടിച്ചു കൊടുത്തതാവാമെന്ന കണ്ടെത്തൽ
- പഴങ്ങളുടെ രാജാവാണ് മാമ്പഴം
- കേരളീയന്റെ നിത്യജീവിതത്തിലെ ഭാഗമാണ് മാവ്
- ബാല്യവും ആയി ഏറെ ബന്ധപ്പെട്ടു നിൽക്കുന്നു

28. ഏറെ പ്രിയപ്പെട്ടതായിരുന്നു എങ്കിലും കൊച്ചുചക്കരച്ചിയെ മുറിച്ചുകളയാൻ ലേഖകൻ തീരുമാനിച്ചതിനു പിന്നിലുള്ള യുക്തി എന്തെല്ലാമായിരുന്നു? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

## സൂചനകൾ

- തടി ജീർണിച്ചത്
- ജീർണ്ണിക്കാനുള്ള കാരണങ്ങൾ
- വീണാൽ ഉണ്ടാകാവുന്ന അപകടങ്ങൾ
- കുടുംബനാഥൻ എന്ന നിലയിൽ അത്യാഹിതം ഒഴിവാക്കാനുള്ള മുൻകരുതൽ

## ആറു മാർക്കിന്റെ ചോദ്യങ്ങൾ

29. “ഞങ്ങളുടെ തറവാട്ടിലെ ഏറ്റവും പ്രായം കൂടിയ കാരണവർ മരിച്ചിരിക്കുന്നു. കുടുംബ സ്നേഹിയായ ആ കാരണവരുടെ പൊടുന്നനെയുള്ള മരണത്തിൽ ഈ മരുമകൻ ഹൃദയം നൊന്തു ദുഃഖിക്കുകയാണിപ്പോൾ. പ്രിയപ്പെട്ട അമ്മാമ്മ, അങ്ങയുടെ കാൽക്കൽ ഈ മരുമകൻ സാഷ്ടാംഗം നമസ്കരിക്കുന്നു.”
(ഉണ്ണികൃഷ്ണൻ പുതൂർ- പഞ്ചാര മാവ് വീണു)

“കർക്കടക മാസത്തിലെ കറുത്തവാവിൽ നാളിൽ ആകാശത്തിനു താഴെ തന്റെ ഇലപ്പടർപ്പ് കൊണ്ട് മറ്റൊരാകാശം സൃഷ്ടിച്ച് മിന്നാമിനുങ്ങുകളെ കൊണ്ട് നക്ഷത്ര നിബിഡമായി നിൽക്കുന്നത് ആസന്നമായ വേർപാടിൻ്റെ ബോധത്തെയും വേദനയെയും ഉൽക്കടമാക്കിത്തീർത്തു: അതുവരെ കാണാതിരുന്ന അളവിലും ആഴത്തിലും ആ ചിരബന്ധുവിന്റെ ഗുണങ്ങൾ ഹൃദയത്തിൽ ആഞ്ഞു പതിച്ചു.”
(കൊച്ചുചക്കരച്ചി, എ. പി ഉദയഭാനു)

തറവാട്ടിലെ ചിരബന്ധുവായി മാവിനെ അവതരിപ്പിക്കുകയാണ് എ.പി ഉദയഭാനുവും ഉണ്ണികൃഷ്ണൻ പുതൂരും.

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഊഷ്മളബന്ധം നിലനിർത്തേണ്ട ആവശ്യകതയെ മുൻനിർത്തി പ്രഭാഷണം, എഡിറ്റോറിയൽ, ഉപന്യാസം ഇവ തയ്യാറാക്കുക

## സൂചനകൾ:

- രണ്ട് ഭാഗങ്ങളുടെയും വിശകലനം
- ലേഖകരുടെ കാലം പുതിയ കാലം ഇവയുടെ താരതമ്യം
- പ്രകൃതിദുരന്തങ്ങൾ രോഗങ്ങൾ ഇവ ഉൾപ്പെടുന്ന സമകാലിക അവസ്ഥകളുടെ വിശകലനം

- പ്രകൃതിയെ സ്നേഹിക്കാൻ മനുഷ്യരോടുള്ള ഓർമ്മപ്പെടുത്തൽ
- വ്യവഹാര രൂപങ്ങളുടെ ഘടന

30. ഇങ്ങനെ ഭുവനവിദിതമായ മാവിന്റെ വംശത്തിലാണ് ഞങ്ങളുടെ കൊച്ചുചക്കരച്ചി വന്നു പിറന്നത്.

ഈ മാനുഷിക ഭാവം ഉപന്യാസത്തിൽ ഉടനീളം ലേഖകൻ നിലനിർത്തുന്നു കൊച്ചുചക്കരച്ചിക്ക് നൽകിയിരിക്കുന്ന ഈ മാനുഷിക ഭാവം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

**സൂചനകൾ:**

- കൊച്ചുചക്കരച്ചിയുടെ ജനനം
- കുലശ്രേഷ്ഠയായുള്ള അംഗീകാരം
- പാട്ടത്തിലെ അപ്പൂപ്പൻ വിചാരിച്ചിട്ടും വെട്ടാതിരുന്നതിലൂടെ ലഭിച്ച അരുമത്തം.
- മാങ്ങാ വിൽക്കാനുള്ളതല്ല എന്ന ദൃഢനിശ്ചയം
- രോഗാവസ്ഥയിലും പ്രകടിപ്പിച്ച ഇച്ഛാശക്തി
- അമ്മയുടെ സ്നേഹവിശ്വാസങ്ങൾ കാത്തു സൂക്ഷിച്ച് വീടിനോ ആൾക്കാർക്കോ നാശം വരുത്താതെ നിലം പതിച്ചത്.
- മകളിലൂടെ കുടുംബത്തോടുള്ള സ്നേഹം നിലനിർത്തിയത്.

**31**. "തുലാവർഷക്കാറ്റുകളും കാലവർഷക്കാറ്റുകളും ആ മുത്തശ്ശിയുടെ നിബിഢവും ശ്യാമളവുമായ തലമുടികളിലൂടെ വിരലോടിച്ചു പോവുക മാത്രം ചെയ്തു തള്ളിയിട്ടില്ല."

"പച്ചമാങ്ങ അല്പം ഉപ്പും ചേർത്ത് കറുമുറാ കറുമുറാ ചവച്ചുതിന്നാൽ കുത്തിയൊലിക്കുന്ന ഉമിനീരിന്റെ വേഗം കൊണ്ട് അണകൾ കോച്ചി പോകും"

കൂടുതൽ ഉദാഹരണങ്ങൾ പാഠഭാഗത്തു നിന്ന് കണ്ടെത്തി എ.പി ഉദയഭാനുവിന്റെ രചനാ ശൈലിയെക്കുറിച്ച് ലഘു ഉപന്യാസം തയ്യാറാക്കുക

**സൂചനകൾ:**

- ലളിതമായ വിഷയം
- അനുഭവങ്ങൾക്ക് പ്രാധാന്യം
- വൈകാരികമായ അവതരണം

- നർമ്മം തുളുമ്പുന്ന ശൈലികൾ
- വാങ്മയ ചിത്രങ്ങൾ
- ആലങ്കാരികത
- ദീർഘമായ വാചകങ്ങൾ
- പ്രയോഗഭംഗി

# ഡയറ്റ് കോട്ടയം

## ജാഗ്രത -കുട്ടിക്കൊപ്പം.....വിദ്യാലയത്തിനൊപ്പം